I4I1Z3

അധ്യായം - 2

# ഇന്ത്യൻ സമ്പദ്ഘടന 1950–1990

**പഠനനേട്ടങ്ങൾ**

- ഇന്ത്യൻ പഞ്ചവത്സരപദ്ധതികളുടെ ലക്ഷ്യങ്ങൾ അറിയുന്നു.
- 1950–90 കാലഘട്ടത്തിലെ കൃഷി, വ്യവസായം തുടങ്ങിയ വ്യത്യസ്തമേഖലകളിലെ വികസനനയങ്ങളെക്കുറിച്ച് അറിയുന്നു.
- നിയന്ത്രിത സമ്പദ്ഘടന (Regulated Economy) യുടെ നേട്ടങ്ങളേയും പരിമിതികളെയും കുറിച്ച് ചിന്തിക്കുന്നതിന് പ്രാപ്തി നേടുന്നു.

***ഇന്ത്യൻ ആസൂത്രണത്തിന്റെ കേന്ദ്ര ലക്ഷ്യം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും സമ്പന്നവും വൈവിധ്യവുമാർന്ന ജീവിതത്തിനായി പുതിയ അവസരങ്ങൾ തുറന്നു കൊടുക്കുകയും ചെയ്യുന്ന വികസനപ്രക്രിയക്കു തുടക്കം കുറിക്കുക എന്നതാണ്.***

*ഒന്നാം പഞ്ചവത്സര പദ്ധതിരേഖ*

## 2.1 ആമുഖം

1947 ഓഗസ്റ്റ് 15 ന് ഭാരതം സ്വതന്ത്രമായി. ഇരുന്നൂറ് വർഷത്തെ ബ്രിട്ടീഷ് ഭരണത്തിന് ശേഷം നാം നമ്മുടെ 'വിധിയെ നിർണ്ണയി'ക്കുന്നവരായി മാറി. രാഷ്ട്രനിർമ്മാണം എന്ന കർത്തവ്യം നമ്മുടെ കൈകളിൽ എത്തിച്ചേർന്നു. സ്വതന്ത്ര ഇന്ത്യയെ നയിച്ചിരുന്നവർ നമ്മുടെ രാജ്യത്തിന് ഏറ്റവും അനുയോജ്യമായ സമ്പദ്ഘടന സൃഷ്ടിക്കാനാണ് ശ്രമിച്ചത്. ഏതാനും പേരുടെ ക്ഷേമത്തിലുപരി എല്ലാവരുടേയും ക്ഷേമം മെച്ചപ്പെടുത്തുന്ന വ്യവസ്ഥയാണ് അവർ ലക്ഷ്യമിട്ടത്. അന്ന് ലോകത്ത് നിലവിലിരുന്ന വ്യത്യസ്തങ്ങളായ സമ്പദ്വ്യവസ്ഥകളിൽ ജവർഹർലാൽ നെഹ്റുവിന് ഏറ്റവും നല്ലതായി തോന്നിയത് സോഷ്യലിസമായിരുന്നു. എന്നിരുന്നാലും സോവിയറ്റ് യൂണിയനിൽ നിലനിന്നിരുന്ന സോഷ്യലിസത്തെ (വ്യവസായശാലകളും കൃഷിയിടങ്ങളും തുടങ്ങി എല്ലാ ഉൽപാദന ഉപാധികളും ഗവൺമെന്റിന്റെ ഉടമസ്ഥതയിലായിരുന്നു) അദ്ദേഹം അനുകൂലിച്ചില്ല. അവിടെ സ്വകാര്യ സ്വത്ത് ഉണ്ടായിരുന്നില്ല. സോവിയറ്റ് യൂണിയനിൽ നടപ്പിലാക്കിയതുപോലെ, പൗരൻമാരുടെ ഭൂമിയുടേയും വസ്തുവകകളുടെയും ഉടമസ്ഥാവകാശങ്ങളിൽ മാറ്റം വരുത്തുന്നത് ഇന്ത്യ പോലൊരു ജനാധിപത്യ രാജ്യത്ത് ബുദ്ധിമുട്ടായിരുന്നു.

സ്വതന്ത്ര ഇന്ത്യയിൽ നെഹ്റുവും മറ്റ് നേതാക്കളും ചിന്തകരും മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും തീവ്ര രൂപങ്ങൾക്ക് ബദൽ മാർഗങ്ങൾ അന്വേഷിച്ചു. സോഷ്യലിസ്റ്റ് വീക്ഷണത്തോട് അനുഭാവം പ്രകടിപ്പിച്ച അവർ സോഷ്യലിസത്തിന്റെ സവിശേഷതകൾ മാത്രമുള്ളതും അതിന്റെ പരിമിതികളില്ലാത്തതുമായ ഒരു സമ്പദ്വ്യവസ്ഥയാണ് ആവിഷ്ക്കരിച്ചത്. ഈ കാഴ്ചപ്പാടിൽ ഇന്ത്യയെ സ്വകാര്യ സ്വത്തും ശക്തമായ പൊതുമേഖലയും ജനാധിപത്യവും

**പഠന പ്രവർത്തനങ്ങൾ**

- ഇന്ന് നിലവിലിരിക്കുന്ന വ്യത്യസ്തതരം സമ്പദ്ഘടനകളെക്കുറിച്ച് ഒരു ചാർട്ട് തയ്യാറാക്കുക. രാജ്യങ്ങളെ മുതലാളിത്ത സമ്പദ്വ്യവസ്ഥ, സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥ, മിശ്ര സമ്പദ്വ്യവസ്ഥ എന്നിങ്ങനെ പട്ടികപ്പെടുത്തുക.
- ഒരു കൃഷി സ്ഥലത്തേക്ക് ക്ലാസ് പഠനയാത്ര ആസൂത്രണം ചെയ്യുക. ക്ലാസിനെ ഏഴ് ഗ്രൂപ്പായി തിരിച്ച് ഓരോ ഗ്രൂപ്പിനും ഒരു നിശ്ചിത ലക്ഷ്യം ആസൂത്രണം ചെയ്യാൻ കൊടുക്കുക. ഉദാഹരണം: സന്ദർശനത്തിന്റെ ഉദ്ദേശ്യം, പഠനയാത്രാച്ചെലവ്, എടുക്കുന്ന സമയം, വിഭവങ്ങൾ, ഗ്രൂപ്പിനെ അനുഗമിക്കുന്നവർ, ബന്ധപ്പെടേണ്ടവർ, സന്ദർശിക്കാൻ സാധിക്കുന്ന സ്ഥലങ്ങൾ, ചോദിക്കാവുന്ന ചോദ്യങ്ങൾ മുതലായവ. ഈ ലക്ഷ്യങ്ങളെ സംയോജിപ്പിച്ച് ഒരു കൃഷിയിടത്തേക്കുള്ള വിജയകരമായ സന്ദർശനത്തിന്റെ പ്രത്യേക ലക്ഷ്യങ്ങളെ ദീർഘകാല ലക്ഷ്യങ്ങളുമായി താരതമ്യം ചെയ്യുക.

**ബോക്സ് 2.1 വിവിധതരം സമ്പദ്‌വ്യവസ്ഥകൾ**

ഓരോ സമൂഹവും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

- എന്തൊക്കെ സാധനങ്ങളും സേവനങ്ങളുമാണ് ഒരു രാജ്യത്ത് ഉൽപാദിപ്പിക്കേണ്ടത്?
- എങ്ങനെയാണ് ഈ സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കപ്പെടേണ്ടത്? ഇവ ഉൽപാദിപ്പിക്കാനായി ഉൽപാദകർ ഉപയോഗിക്കേണ്ടത് കൂടുതൽ മനുഷ്യാധ്വാനമാണോ അതോ മൂലധനമോ (യന്ത്രങ്ങൾ)?
- ഈ സാധനങ്ങളും സേവനങ്ങളും ജനങ്ങൾക്കിടയിൽ വിതരണം ചെയ്യേണ്ടത് എങ്ങനെയാണ്?

കമ്പോളശക്തികളായ പ്രദാനം, ചോദനം തുടങ്ങിയവയെ ആശ്രയിക്കുക എന്നതാണ് ഈ ചോദ്യങ്ങൾക്കുള്ള ഒരു ഉത്തരം. മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ ആഭ്യന്തര വിപണിയിലോ വിദേശവിപണിയിലോ ലാഭകരമായി വിറ്റഴിക്കപ്പെടുന്ന ഉപഭോഗവസ്തുക്കളാണ് ഉൽപാദിപ്പിക്കുക. കാറുകൾക്കാണ് ചോദനമുള്ളതെങ്കിൽ കാറുകളും, സൈക്കിളുകൾക്കാണ് ചോദനമെങ്കിൽ സൈക്കിളുകളും ഉൽപാദിക്കും. മൂലധനത്തേക്കാൾ ചെലവ് കുറഞ്ഞതാണ് അധ്വാനമെങ്കിൽ കൂടുതൽ അധ്വാനോന്മുഖ ഉൽപ്പാദന രീതിയും നേരെ മറിച്ചാണെങ്കിൽ മൂലധനോന്മുഖ ഉൽപാദന രീതിയും ഉപയോഗിക്കും. ഒരു മുതലാളിത്ത സമൂഹത്തിൽ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ ജനങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നത് ജനങ്ങൾക്ക് എന്താണ് ആവശ്യം എന്നതിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് ക്രയശേഷിയുടെ (സാധനങ്ങളും സേവനങ്ങളും വാങ്ങാനുള്ള ശേഷിയുടെ) അടിസ്ഥാനത്തിലാണ്. അതായത് ജനങ്ങളുടെ കൈവശം പണം ഉണ്ടായിരിക്കണം. പാവങ്ങൾക്കായി ചിലവ് കുറഞ്ഞ പാർപ്പിടം ആവശ്യമുള്ളതാണ്. പക്ഷേ വിപണിയിൽ ഇതിന് ചോദനമുള്ളതായി പറയാൻ കഴിയില്ല. കാരണം പാവപ്പെട്ടവർക്ക് ഈ ആവശ്യത്തെ നിറവേറ്റാനുള്ള വാങ്ങൽശേഷി ഉണ്ടാവില്ല. തൽഫലമായി കമ്പോള ശക്തിക്കനുസൃതമായി ഇത് വിപണിയിൽ ഉൽപാദിക്കുകയോ, വിൽക്കുകയോ ചെയ്യുന്നില്ല. നമ്മുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന് ഇത്തരമൊരു സമൂഹം അഭികാമ്യമായി തോന്നിയില്ല. കാരണം ഇത്തരമൊരു സമൂഹത്തിൽ നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും അവരുടെ ജീവിത ഗുണനിലവാരം വർദ്ധിപ്പിക്കാൻ അവസരം കിട്ടാതെ പിൻതള്ളപ്പെട്ടു പോവുമായിരുന്നു.

ഒരു **സോഷ്യലിസ്റ്റ്** സമൂഹം ഈ മൂന്ന് ചോദ്യങ്ങളുടെയും ഉത്തരം കണ്ടെത്തുന്നത് തികച്ചും വ്യത്യസ്തമായ രീതിയിലാണ്. ഇവിടെ സമൂഹത്തിന്റെ ആവശ്യത്തിനനുസരിച്ച് ഏതൊക്കെ വസ്തുക്കളാണ് ഉൽപാദിപ്പിക്കേണ്ടതെന്ന് സർക്കാർ തീരുമാനിക്കുന്നു. ഒരു രാജ്യത്തിന് ഗുണകരമായതെന്തെന്ന് സർക്കാരിന് അറിയാമെന്നും വ്യക്തിഗത ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം

നല്കേണ്ടതില്ലെന്നും അനുമാനിക്കുന്നു. സാധനങ്ങൾ എങ്ങനെ ഉൽപാദിക്കപ്പെടണമെന്നും അവ എങ്ങനെ വിതരണം ചെയ്യണമെന്നും സർക്കാർ തീരുമാനിക്കുന്നു. തത്വത്തിൽ സോഷ്യലിസത്തിൽ വിതരണം അടിസ്ഥാനമാക്കിയിരിക്കുന്നത് ജനങ്ങളുടെ ആവശ്യത്തെയാണ്. അല്ലാതെ അവർക്ക് എന്ത് വാങ്ങാൻ കഴിയും എന്നതിനെയല്ല. മുതലാളിത്തത്തിൽ നിന്നും വിഭിന്നമായി ഒരു സോഷ്യലിസ്റ്റ് രാജ്യം പൗരൻമാർക്ക് സൗജന്യമായി ആരോഗ്യ പരിരക്ഷ നൽകുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ എല്ലാം സർക്കാർ ഉടമസ്ഥതയിലായതിനാൽ സ്വകാര്യസ്വത്ത് ഇല്ല. ഉദാഹരണത്തിന് ക്യൂബയിലും ചൈനയിലും ഭൂരിഭാഗം സാമ്പത്തികപ്രവർത്തനങ്ങളും നടത്തുന്നത് സർക്കാരുകളാണ്,

എന്ത് ഉൽപാദിപ്പിക്കണം, എങ്ങനെ ഉൽപാദിപ്പിക്കണം, ഉൽപാദിപ്പിച്ചത് എങ്ങനെ വിതരണം ചെയ്യണം എന്നീ ചോദ്യങ്ങൾക്ക് സർക്കാരും കമ്പോളവും ചേർന്ന് ഉത്തരം കണ്ടെത്തുന്ന മിശ്രസമ്പദ്വ്യവസ്ഥയാണ് ഇന്ന് ഭൂരിഭാഗം രാജ്യങ്ങളിലും നിലനിൽക്കുന്നത്. മിശ്രസമ്പദ്വ്യവസ്ഥയിൽ ഉൽപാദിപ്പിക്കാൻ സാധിക്കുന്ന സാധനങ്ങളും സേവനങ്ങളും വിപണി നൽകുകയും വിപണിക്ക് നൽകാൻ കഴിയാത്ത അവശ്യ സാധനങ്ങളുടെ ഉൽപാദനവും വിതരണവും സർക്കാർ നടത്തുകയും ചെയ്യും.

**ബോക്സ് 2.2 പദ്ധതി എന്നാൽ എന്ത്?**

ഒരു രാഷ്ട്രത്തിന്റെ വിഭവങ്ങൾ എങ്ങനെ വിനിയോഗിക്കണം എന്ന് വിശദമാക്കുന്നതാണ് പദ്ധതി. പദ്ധതിക്ക് നിശ്ചിത കാലയളവിൽ നേടേണ്ട പൊതുവായതും പ്രത്യേകമായതുമായ ചില ലക്ഷ്യങ്ങൾ ഉണ്ടായിരിക്കണം. ഇന്ത്യയിൽ പദ്ധതികൾ നടപ്പിലാക്കിയിരുന്നത് അഞ്ച് വർഷ കാലയളവിലാണ്. അതിനാൽ അവ പഞ്ചവൽസര പദ്ധതികൾ എന്ന് അറിയപ്പെടുന്നു. (ദേശീയ ആസൂത്രണത്തിന്റെ തുടക്കം കുറിച്ച പഴയ സോവിയറ്റ് യൂണിയനിൽ നിന്നുമാണ് നാം പഞ്ചവൽസര പദ്ധതികൾ കടംകൊണ്ടത്) നമ്മുടെ പദ്ധതി രേഖകൾ അഞ്ച് വർഷം കൊണ്ട് നേടേണ്ട പ്രത്യേക ലക്ഷ്യങ്ങൾക്ക് പുറമേ 20 വർഷം കൊണ്ട് നാം നേടേണ്ടതെന്തെന്നും വ്യക്തമാക്കുന്നു. ഈ ദീർഘകാല പദ്ധതിയെ പരിപ്രേക്ഷ്യ പദ്ധതി (Perspective plan) എന്ന് പറയുന്നു. പരിപ്രേക്ഷ്യ പദ്ധതിക്ക് അടിസ്ഥാനമായി വർത്തിക്കേണ്ടത് പഞ്ചവത്സര പദ്ധതികളാണ്.

എല്ലാ ലക്ഷ്യങ്ങൾക്കും എല്ലാ പദ്ധതികളിലും, തുല്യ പ്രാധാന്യം നൽകുക എന്നത് അഭികാമ്യമല്ല. യഥാർത്ഥത്തിൽ വിവിധ പദ്ധതി ലക്ഷ്യങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി ആധുനിക സാങ്കേതിക വിദ്യയുടെ അവതരണം തൊഴിൽ ലഭ്യത കുറക്കുമെങ്കിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവുമായി പൊരുത്തപ്പെടണമെന്നില്ല. പദ്ധതി ലക്ഷ്യങ്ങളെ ഒരുമിച്ചുകൊണ്ടുപോവുക എന്നത് ആസൂത്രകർക്ക് ദുഷ്ക്കരമാണ്. അതിനാൽ വ്യത്യസ്ത ലക്ഷ്യങ്ങൾക്കാണ് ഓരോ പദ്ധതികളിലും ഊന്നൽ നൽകിവന്നിരുന്നത്.

എത്രമാത്രം സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കണമെന്ന് നമ്മുടെ പദ്ധതികൾ വിശദമാക്കുന്നില്ല. ഇത് അസാധ്യവും അനാവശ്യവുമാണ്. (മുൻ സോവിയിറ്റ് യൂണിയൻ ഇതിന് ശ്രമിച്ച് പരാജയപ്പെട്ടതാണ്). ഒരു പദ്ധതിയുടെ പ്രധാന പങ്ക് ഏത് മേഖലയിലാണെന്ന് സൂചിപ്പിക്കുകയും (ഉദാഹരണമായി ഊർജ്ജ ഉൽപാദനം, ജലസേചനം) ബാക്കി വിപണിക്ക് വിട്ടു കൊടുക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

ചേർന്നുള്ള ഒരു സോഷ്യലിസ്റ്റ് സമൂഹമായി അവർ വിഭാവനം ചെയ്തു. ഗവൺമെന്റ്, സമ്പദ്‌വ്യവസ്ഥയെ ആസൂത്രിത (ബോക്സ് 2.2 കാണുക) മാക്കുന്നതോടൊപ്പം സ്വകാര്യ മേഖലയെ ആസൂത്രണത്തിന്റെ ഭാഗമാവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. 1948-ലെ വ്യാവസായിക നയപ്രമേയവും ഇന്ത്യൻ ഭരണഘടനയിലെ നിർദ്ദേശകതത്ത്വങ്ങളും ഈ വീക്ഷണത്തെ പ്രതിഫലിപ്പിക്കുന്നതാണ്. 1950 ൽ പ്രധാനമന്ത്രി അധ്യക്ഷനായി ആസൂത്രണക്കമ്മീഷൻ രൂപീകരിച്ചു. അങ്ങനെ പഞ്ചവൽസര പദ്ധതികളുടെ യുഗം ആരംഭിച്ചു.

## 2.2 പഞ്ചവൽസര പദ്ധതിയുടെ ലക്ഷ്യങ്ങൾ (The Goals of Five Year Plans)

ഏതൊരു പദ്ധതിക്കും വ്യക്തമായ ചില ലക്ഷ്യങ്ങൾ ഉണ്ടായിരിക്കണം. സാമ്പത്തിക വളർച്ച, ആധുനികവൽക്കരണം, സ്വാശ്രയത്വം, സമത്വം എന്നിവയാണ് പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യങ്ങൾ. എല്ലാ പഞ്ചവൽസരപദ്ധതികളും എല്ലാ ലക്ഷ്യങ്ങൾക്കും ഒരേ പ്രാധാന്യം നൽകുന്നു എന്ന് ഇത് അർത്ഥമാക്കുന്നില്ല. വിഭവങ്ങൾ പരിമിതമായതിനാൽ ഓരോ പദ്ധതിയുടേയും മുഖ്യപരിഗണനകളുടെ അടിസ്ഥാനത്തിൽ അർഹിക്കുന്ന ലക്ഷ്യങ്ങൾ തെരഞ്ഞെടുക്കേണ്ടതുണ്ട്. പദ്ധതിനയങ്ങൾ അതിന്റെ ലക്ഷ്യങ്ങൾക്ക് എതിരാകുന്നില്ല എന്ന് ആസൂത്രകർ കഴിയാവുന്നത്ര ഉറപ്പ് വരുത്തേണ്ടതാണ്. ഇനി നമുക്ക് പദ്ധതിയുടെ ലക്ഷ്യങ്ങളെകുറിച്ച് വിശദമായി പഠിക്കാം.

**വളർച്ച (Growth)**: ചരക്കുകളും സേവനങ്ങളും ഉൽപാദിപ്പിക്കാനുള്ള രാജ്യത്തിന്റെ ശേഷിയുടെ വർധനവിനെയാണ് സാമ്പത്തികവളർച്ച സൂചിപ്പിക്കുന്നത്. ഉൽപാദന സജ്ജമായ മൂലധനത്തിന്റെ വിപുലശേഖരമോ ബാങ്കിംഗ്, ഗതാഗത സൗകര്യം, തുടങ്ങിയ പിന്തുണാസംവിധാനങ്ങളുടെ വ്യാപ്തിയോ അല്ലെങ്കിൽ ഉൽപാദന സജ്ജമായ മൂലധനം, സേവനങ്ങൾ എന്നിവയുടെ കാര്യക്ഷമതയിലുണ്ടാവുന്ന വളർച്ചയോ ആണ് ഇത് കാണിക്കുന്നത്. മൊത്ത ആഭ്യന്തര ഉൽപാദനത്തി (ജി.ഡി.പി) ലുണ്ടാവുന്ന സ്ഥിരതയുള്ള വളർച്ച സാമ്പത്തികവളർച്ചയുടെ ഒരു നല്ല സൂചകമാണ്. മൊത്ത ആഭ്യന്തരഉൽപാദനം എന്നത് ഒരു വർഷം ഒരു രാജ്യത്തിനുള്ളിൽ ഉൽപാദിപ്പിക്കുന്ന ചരക്കുകളുടേയും സേവനങ്ങളുടെയും വിപണി മൂല്യമാണ്. മൊത്ത ആഭ്യന്തര ഉൽപാദനത്തെ ഒരു കേക്ക് ആയും, സാമ്പത്തികവളർച്ചയെ ആ കേക്കിന്റെ വലുപ്പത്തിൽ ഉണ്ടാവുന്ന വർദ്ധനവായും സങ്കൽപ്പിച്ചു നോക്കൂ. കേക്ക് വലുതാണെങ്കിൽ കൂടുതൽ ജനങ്ങൾക്ക് അത് അനുഭവിക്കാൻ കഴിയും. ഒന്നാം പഞ്ചവൽസരപദ്ധതിയിൽ പറയുന്നതുപോലെ, ഇന്ത്യയിലെ ജനങ്ങൾ കൂടുതൽ സമ്പന്നവും വൈവിധ്യവുമായ ജീവിതം അനുഭവിക്കണമെങ്കിൽ കൂടുതൽ ചരക്കുകളും സേവനങ്ങളും ഉൽപാദിപ്പിക്കേണ്ടതുണ്ട്.

ഒരു സമ്പദ്ഘടനയുടെ മൊത്ത ആഭ്യന്തര ഉൽപന്നം ലഭിക്കാവുന്നത് കാർഷികമേഖല, വ്യാവസായിക മേഖല, സേവനമേഖല എന്നിവിടങ്ങളിൽ നിന്നാണ്. ഈ മൂന്ന് മേഖല

**ബോക്സ് 2.3 മഹലാനോബിസ്: ഇന്ത്യൻ ആസൂത്രണത്തിന്റെ ശില്പി**

വിശിഷ്ടരായ പല ചിന്തകരും നമ്മുടെ പഞ്ചവത്സര പദ്ധതികളുടെ രൂപീകരണത്തിന് സംഭാവന നൽകിയിട്ടുണ്ട്. അവരിൽ പ്രശാന്ത ചന്ദ്ര മഹലാനോബിസ് എന്ന ശാസ്ത്രജ്ഞന്റെ പേര് എടുത്തുപറയേണ്ടതുണ്ട്.



ആസൂത്രണം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ആരംഭിച്ചത് രണ്ടാം പഞ്ചവൽസര പദ്ധതി മുതലാണ്. മഹലാനോബിസിന്റെ വികസന ആസൂത്രണനയം രണ്ടാം പഞ്ചവൽസര പദ്ധതിയിലാണ് മുന്നോട്ട് വെച്ചത്. ഈ അർത്ഥത്തിൽ അദ്ദേഹത്തെ ഇന്ത്യൻ ആസൂത്രണത്തിന്റെ ശിൽപിയായി പരിഗണിക്കാം.

1893-ൽ കൽക്കട്ടയിലായിരുന്നു മഹലാനോബിസിന്റെ ജനനം. കൽക്കട്ടയിലെ പ്രസിഡൻസി കോളേജിലും ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് സർവകലാശാല യിലുമായി അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കി. സാംഖ്യകം (Statistics) എന്ന വിഷയത്തിൽ നൽകിയ സംഭാവന അദ്ദേഹത്തെ അന്താരാഷ്ട്ര തലത്തിൽ പ്രശസ്തനാക്കി. പ്രശസ്ത ശാസ്ത്രജ്ഞരുടെ സംഘടനയായ ബ്രിട്ടീഷ് റോയൽ സൊസൈറ്റിയിൽ അദ്ദേഹം 1946-ൽ അംഗമായി. സമൂഹത്തിലെ അതിപ്രശസ്തരായ ശാസ്ത്രജ്ഞർക്ക് മാത്രമേ ഇതിൽ അംഗത്വം ലഭിച്ചിരുന്നുള്ളൂ.

മഹലാനോബിസ് കൽക്കട്ടയിൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (ISI) സ്ഥാപിക്കുകയും 'സാംഖ്യ' എന്ന ജേണൽ ആരംഭിക്കുകയും ചെയ്തു. ഇന്നും സാംഖ്യക ശാസ്ത്രജ്ഞർക്ക് അവരുടെ ആശയങ്ങൾ ചർച്ച ചെയ്യാനായി ഒരു അംഗീകരിക്കപ്പെട്ട വേദിയായി ഈ ജേണൽ തുടരുന്നു. ലോകമെമ്പാടുമുള്ള സാമ്പത്തിക ശാസ്ത്രജ്ഞരും സാംഖ്യക ശാസ്ത്രജ്ഞരും കാണുന്നതാണ് 'ISI' യും 'സാംഖ്യയും' മൂല്യവത്തായി ഇന്നും കണക്കാക്കുന്നു.

രണ്ടാം പഞ്ചവൽസരപദ്ധതികാലത്ത് മഹലാനോബിസ് ഇന്ത്യയിലേയും വിദേശത്തേയും നിരവധി സാമ്പത്തിക ശാസ്ത്രജ്ഞരെ, ഇന്ത്യൻ സാമ്പത്തിക വികസനത്തെക്കുറിച്ച് ഉപദേശകരാവാൻ ക്ഷണിച്ചിരുന്നു. ഈ സാമ്പത്തിക ശാസ്ത്രജ്ഞരിൽ ചിലർ പിൽക്കാലത്ത് നോബേൽ സമ്മാനജേതാക്കളായി എന്നത് മഹലാനോബിസ് കഴിവുള്ള വ്യക്തിത്വങ്ങളെ തിരിച്ചറിയുന്നു എന്നതിനു തെളിവാണ്. രണ്ടാം പഞ്ചവൽസര പദ്ധതിയിലെ സോഷ്യലിസ്റ്റ് തത്ത്വത്തിന്റെ നിശിതവിമർശകരായ സാമ്പത്തികശാസ്ത്രജ്ഞരും അദ്ദേഹത്തിന്റെ ക്ഷണിതാക്കളിൽ ഉൾപ്പെട്ടിരുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ തന്റെ വിമർശകർക്ക് പറയാനുള്ളതും കേൾക്കാൻ അദ്ദേഹം തയ്യാറായിരുന്നു. ഒരു മഹാപണ്ഡിതന്റെ ലക്ഷണമാണിത്.

ഇന്ന് ധാരാളം സാമ്പത്തിക ശാസ്ത്രജ്ഞർ മഹലാനോബിസ് രൂപംനൽകിയ സമീപനത്തെ വിമർശിക്കുന്നുവെങ്കിലും ഇന്ത്യയെ സാമ്പത്തികവികസനത്തിന്റെ പാതയിലെത്തിക്കുന്നതിൽ അദ്ദേഹത്തിന്റെ നിർണായകപങ്ക് അനുസ്മരിക്കുകയും സാംഖ്യകശാസ്ത്രത്തിന് അദ്ദേഹം നൽകിയ സംഭാവനയെ ഇവർ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

*ഉറവിടം – സുഖമോയ് ചക്രവർത്തി /മഹലനോബിസ്, പ്രശാന്ത ചന്ദ്ര: ജോൺ* et. al *(Eds) The New Palgrave Dictionary : Economic Development w.w. Nortion, New York and London*

### ബോക്സ് 2.4 സേവനമേഖല

ഒരു രാജ്യം വികസിക്കുന്നതോടെ ഘടനാപരമായ മാറ്റങ്ങൾക്ക് വിധേയമാവുന്നു. ഇന്ത്യയുടെ കാര്യത്തിൽ ഈ ഘടനാപരമായ മാറ്റം ഒരു സവിശേഷരീതിയിലാണ് ഉരുത്തിരിഞ്ഞത്. വികസനത്തോടുകൂടി കാർഷികമേഖലയുടെ വിഹിതം കുറയുകയും വ്യാവസായികമേഖല പ്രാമുഖ്യം ആർജ്ജിക്കുകയുമാണ് പതിവ്. വികസനത്തിന്റെ ഉയർന്നതലങ്ങളിൽ എത്തുമ്പോൾ മൊത്ത ആഭ്യന്തരഉൽപാദനത്തിൽ സേവനമേഖലയുടെ സംഭാവന മറ്റുരണ്ട് മേഖലകളേക്കാൾ കൂടുന്നു. ഒരു ദരിദ്രരാഷ്ട്രത്തിന്റേതു പോലെ ഇന്ത്യയിൽ GDP യിലേക്കുള്ള കാർഷികമേഖലയുടെ വിഹിതം 50 ശതമാനത്തിൽ കൂടുതൽ ആയിരുന്നു. എന്നാൽ 1990 ഓടുകൂടി സേവനമേഖലയുടെ വിഹിതം ഒരു വികസിതരാഷ്ട്രത്തിന് സമാനമായി, കാർഷിക വ്യവസായ മേഖലകളേക്കാളും വർദ്ധിച്ച് 40.59 ശതമാനത്തിലെത്തി. സേവനമേഖലയുടെ വിഹിതത്തിലുണ്ടാവുന്ന വർദ്ധനവ് 1991 ന് ശേഷം ത്വരിതഗതിയിലായി. (ആഗോളവത്ക്കരണത്തിന്റെ ആരംഭത്തിന് തുടക്കംകുറിച്ച ഈ കാലയളവിനെക്കുറിച്ച് നമുക്ക് അടുത്ത അധ്യായത്തിൽ ചർച്ച ചെയ്യാം.)

കളിൽ നിന്നുള്ള സംഭാവനയാണ് സമ്പദ്ഘടനയുടെ ഘടനക്ക് രൂപം നൽകുന്നത്. ചില രാജ്യങ്ങളിൽ കാർഷികമേഖല മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ വളർച്ചക്ക് കൂടുതൽ സംഭാവന ചെയ്യുമ്പോൾ, മറ്റു ചില രാജ്യങ്ങളിൽ സേവനമേഖലയ്ക്കായിരിക്കും മുൻതൂക്കം (ബോക്സ് 2.4 കാണുക)

**ആധുനികവത്ക്കരണം (Modernisation)**–: ചരക്കുകളുടേയും സേവനങ്ങളുടെയും ഉൽപാദനം വർദ്ധിപ്പിക്കാൻ ഉൽപാദകർ പുതിയ സാങ്കേതികവിദ്യ സ്വീകരിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ഒരു കർഷകന് പഴയവിത്തിന് പകരം പുതിയ വിത്തിനങ്ങൾ ഉപയോഗിച്ചുകൊണ്ട് തന്റെ കൃഷി സ്ഥലത്തെ ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കും. അതുപോലെ ഫാക്ടറിയിലെ ഉൽപാദനം വർദ്ധിപ്പിക്കാൻ ഒരു പുതിയ യന്ത്രം ഉപയോഗപ്പെടുത്താവുന്നതാണ്. പുത്തൻ സാങ്കേതികവിദ്യ സ്വീകരിക്കുന്നതിനെ ആധുനികവൽക്കരണം എന്ന് പറയുന്നു.

ആധുനികവൽക്കരണം പുതിയ സാങ്കേതികവിദ്യയുടെ ഉപയോഗത്തിൽ മാത്രം ഒതുങ്ങുന്നതല്ല. ഇതിൽ സ്ത്രീപുരുഷസമത്വ പോലുള്ള സാമൂഹ്യവീക്ഷണങ്ങളിലുണ്ടായ മാറ്റങ്ങളും കൂടിച്ചേരേണ്ടതുണ്ട്. പരമ്പരാഗത സമൂഹത്തിൽ, പുരുഷൻമാർ ജോലി ചെയ്യുമ്പോൾ സ്ത്രീകൾ വീട്ടിനുള്ളിൽ തന്നെ കഴിയാൻ നിർബന്ധിതരാവുന്നു. എന്നാൽ ആധുനികസമൂഹം സ്ത്രീകളുടെ കഴിവുകളെയും ജോലി സ്ഥലങ്ങളിൽ (ബാങ്കുകൾ, വ്യവസായശാലകൾ, സ്കൂളുകൾ തുടങ്ങിയ) പ്രയോജനപ്പെടുത്തുന്നു. അത്തരം സമൂഹം കൂടുതൽ അഭിവൃദ്ധിപ്പെടുന്നതായി കാണുന്നു.

**സ്വാശ്രയത്വം (Self-reliance)**: ഒരു രാജ്യത്തിന് അതിന്റെ തന്നെ വിഭവങ്ങൾ ഉപയോഗിച്ചോ മറ്റുരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത വിഭവങ്ങൾ ഉപയോഗിച്ചോ സാമ്പത്തിക വളർച്ചയും ആധുനികവൽക്കരണവും മെച്ചപ്പെടുത്താം. ഇന്ത്യയിൽ തന്നെ നിർമിക്കാൻ കഴിയുന്ന വസ്തുക്കളുടെ ഇറക്കുമതി ഒഴിവാക്കിക്കൊണ്ടുള്ള സ്വാശ്രയത്വസമീപനത്തിനാണ് ആദ്യ ഏഴ് ഇന്ത്യൻ പഞ്ചവത്സരപദ്ധതികൾ പ്രാധാന്യം നൽകിയത്. ഭക്ഷ്യവസ്തുക്കൾ പോലുള്ളവ ഇന്ത്യയിൽ തന്നെ ഉൽപാദിപ്പിക്കുന്നത് വിദേശ ആശ്രിതത്വം കുറ

### പഠന പ്രവർത്തനങ്ങൾ

➤ താഴെ പറയുന്നവയിൽ ഉപയോഗിച്ചിട്ടുള്ള സാങ്കേതിക വിദ്യയിൽ ഉണ്ടായ മാറ്റം ക്ലാസിൽ ചർച്ച ചെയ്യുക.

a) ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനം

b) സാധനങ്ങൾ പാക്ക് ചെയ്യൽ

c) പൊതു വാർത്താവിനിമയം

➤ 1990-91 ലും 2014-15 ലും ഇന്ത്യ കയറ്റുമതിയും ഇറക്കുമതിയും ചെയ്ത പ്രധാനപ്പെട്ട ഇനങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

a) ഇവയിലെ വ്യത്യാസം നിരീക്ഷിക്കുക

b) സ്വാശ്രയത്വത്തിന്റെ ഫലം ഇതിൽ കാണുന്നുണ്ടോ? ചർച്ച ചെയ്യുക

c) വാർത്താവിനിമയം

*ഈ വിവരങ്ങൾ ലഭിക്കുന്നതിന് നിങ്ങൾക്ക് 'ഇക്കണോമിക് സർവെ' പരിശോധിക്കാവുന്നതാണ്.*

യ്ക്കാൻ സഹായിക്കും. വിദേശ ആധിപത്യത്തിൽ നിന്നും സ്വാതന്ത്ര്യം നേടിയ ജനത സ്വാശ്രയത്ത്വത്തിന് പ്രാധാന്യം നൽകുന്നത് സ്വാഭാവികമാണ്. മാത്രമല്ല ഇറക്കുമതി ചെയ്ത ഭക്ഷ്യവസ്തുക്കൾ, വിദേശ സാങ്കേതികവിദ്യ, വിദേശ മൂലധനം എന്നിവയിലുള്ള ആശ്രയത്വം നമ്മുടെ നയങ്ങളിലുള്ള വിദേശ ഇടപെടലിനും അത് വഴി ഇന്ത്യൻ പരമാധികാരത്തിന് പോലും ഭീഷണിയാകുമെന്നും നാം ഭയപ്പെട്ടിരുന്നു.

**സമത്വം (Equity)** : ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് സാമ്പത്തികവളർച്ച, ആധുനിക വൽക്കരണം, സ്വാശ്രയത്വം എന്നിവ മാത്രം മതിയാവില്ല. ഒരു രാജ്യത്ത് ഉയർന്ന സാമ്പത്തിക വളർച്ച ഉണ്ടായാലും ആഭ്യന്തരമായി വികസിപ്പിച്ചെടുത്ത അത്യാധുനിക സാങ്കേതിക വിദ്യ ഉണ്ടായാലും, ഭൂരിഭാഗം ജനങ്ങളും ദാരിദ്ര്യത്തിൽ തന്നെ ജീവിക്കുന്ന അവസ്ഥ ഉണ്ടായേക്കാം. സാമ്പത്തിക അഭിവൃദ്ധിയുടെ നേട്ടങ്ങൾ സമ്പന്നരായ കുറച്ചുപേർ മാത്രം അനുഭവിക്കുന്നതിനു പകരം ദരിദ്ര വിഭാഗങ്ങൾക്കും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് വളരെ പ്രധാനപ്പെട്ടകാര്യമാണ്. അതായത് സാമ്പത്തിക വളർച്ച, ആധുനികവൽക്കരണം, സ്വാശ്രയത്വം എന്നിവക്കു പുറമെ സമത്വവും പ്രാധാന്യമർഹിക്കുന്നു. എല്ലാ ഇന്ത്യക്കാരും ഭക്ഷണം, വാസയോഗ്യമായ പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ സാക്ഷാൽകരിക്കാൻ പ്രാപ്തരാവുകയും അതിനായി സമ്പത്തിന്റെ വിതരണത്തിലുള്ള അസമത്വം കുറച്ചുകൊണ്ട് വരികയും വേണം.

1950 മുതൽ 1990 വരെയുള്ള കാലഘട്ടത്തിലെ ആദ്യ ഏഴ് പഞ്ചവൽസര പദ്ധതികൾ കൃഷി, വ്യവസായം, വ്യാപാരം എന്നീ മേഖലകളിൽ ഈ ലക്ഷ്യങ്ങൾ നേടുന്നതിന് നടത്തിയ

പരിശ്രമവും അവ എത്രത്തോളം വിജയിച്ചുവെന്നും നമുക്ക് പരിശോധിക്കാം. 1991 ന് ശേഷമുള്ള നയങ്ങളേയും വികസനപ്രശ്നങ്ങളെയും കുറിച്ച് നമുക്ക് മൂന്നാം അധ്യായത്തിൽ ചർച്ച ചെയ്യാം.

## 2.3 കൃഷി (Agriculture)

കോളനി വാഴ്ചക്കാലത്ത് കാർഷികമേഖലയിൽ വളർച്ചയോ സമത്വമോ ഇല്ലായിരുന്നുവെന്ന് നിങ്ങൾ ഒന്നാം അധ്യായത്തിൽ പഠിച്ചുവല്ലോ. സ്വതന്ത്ര ഇന്ത്യയിലെ നയരൂപകർക്ക് ഇത്തരം വിഷയങ്ങൾ അഭിസംബോധന ചെയ്യേണ്ടതുണ്ടായിരുന്നു. ഇന്ത്യൻ കാർഷിക രംഗത്തെ ഒരു വിപ്ലവത്തിലേക്ക് നയിച്ച ഭൂപരിഷ്കരണത്തിലൂടെയും അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും അവർ ഇത് സാധ്യമാക്കി.

**ഭൂപരിഷ്ക്കരണം (Land Reforms):** സ്വാതന്ത്ര്യ സമയത്ത് ഭൂഅവകാശ വ്യവസ്ഥയുടെ സവിശേഷത എന്നത് സമീന്ദാർമാർ, ജാഗീർദാർമാർ എന്നീ ഇടനിലക്കാരുടെ സാന്നിധ്യമായിരുന്നു. ഇവർ ഭൂമിയിൽ അധ്വാനിക്കുന്നവരിൽ നിന്നും പാട്ടം ചുമത്തിഎന്നു മാത്രമല്ല കൃഷി സ്ഥലത്തിന്റെ മെച്ചപ്പെടുത്തലിനായി യാതൊന്നും ചെയ്തിരുന്നുമില്ല. കാർഷിക മേഖലയുടെ കുറഞ്ഞ ഉൽപാദനക്ഷമത കാരണം ഇന്ത്യക്ക് അമേരിക്കൻ ഐക്യനാടുകളിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ ഇറക്കുമതി ചെയ്യേണ്ടിവന്നിരുന്നു.

### ബോക്സ് 2.5 ഉടമസ്ഥാവകാശവും പ്രോത്സാഹനവും

കർഷകർ തന്നെയാണ് കൃഷി ഭൂമിയുടെ ഉടമസ്ഥരെങ്കിൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിൽ അവർ കൂടുതൽ തൽപരരാണ് – പ്രോത്സാഹിതരാണ് – എന്ന ആശയത്തിൽ അധിഷ്ഠിതമാണ്. 'കൃഷിഭൂമി അതിൽ അധ്വാനിക്കുന്നവർക്ക്' എന്ന നയം. ഉടമസ്ഥാവകാശമുണ്ടെങ്കിൽ വർദ്ധിക്കുന്ന ഉൽപാദനത്തിൽ നിന്നും അധ്വാനിക്കുന്നവർക്ക് കൂടുതൽ നേട്ടമുണ്ടാക്കാൻ കഴിയും എന്നതാണ് ഇതിനു കാരണം. വർദ്ധിച്ച ഉൽപാദനത്തിന്റെ മിച്ചം ഭൂഉടമകൾക്കാണെന്നിരിക്കെ കുടിയാൻമാർക്ക് കൃഷി ഭൂമി അഭിവൃദ്ധിപ്പെടുത്താൻ ഒട്ടും താൽപ്പര്യമുണ്ടാകില്ല. പ്രചോദനം പകരുന്നതിൽ ഉടമസ്ഥാവകാശത്തിന്റെ പ്രാധാന്യം മുൻ സോവിയറ്റ് യൂണിയനിലെ കർഷകർ പഴങ്ങൾ വിൽക്കാനായി അശ്രദ്ധമായി പാക്ക് ചെയ്യുന്ന ഉദാഹരണത്തിലൂടെ കാണിച്ചിട്ടുണ്ട്. പുതിയ പഴങ്ങളോടൊപ്പം ഒരേ പെട്ടിയിൽ ചീഞ്ഞ പഴങ്ങളും കർഷകർ പാക്ക് ചെയ്താൽ നല്ല പഴങ്ങളും കേടു വരുമെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. പഴങ്ങൾ വിൽക്കാൻ സാധിക്കാത്തതു കൊണ്ട് കർഷകർക്ക് അതൊരു വലിയ നഷ്ടമായിരിക്കും. തികച്ചും അവരുടെ തന്നെ നഷ്ടത്തിലേക്കെത്തിക്കുന്ന ഇത്തരമൊരു പ്രവൃത്തി എന്തിനാണ് സോവിയറ്റ് കർഷകർ ചെയ്യുന്നത്? സോവിയറ്റ് യൂണിയനിലെ കർഷകർക്ക് സ്വന്തമായി ഭൂമിയുടെ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ അവർക്ക് നഷ്ടമോ ലാഭമോ ഉണ്ടാകുന്നില്ല. ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ കർഷകർക്ക് കാര്യക്ഷമത വർദ്ധിപ്പിക്കാൻ പ്രചോദനമൊന്നും ഇല്ല. വിശാലവും അതിഫലഭൂയിഷ്ടവുമായ വിസ്തൃത കൃഷിസ്ഥലം സോവിയറ്റ് യൂണിയനിൽ ഉണ്ടായിട്ടും കാർഷിക മേഖല മോശം പ്രകടനം കാഴ്ചവച്ചത് അതുകൊണ്ടാണ്.

*Source : Thomas Sowell, Basic Economics, A Citizens Guide to the Economy, New York: Basic Books, 2004 Second Edition*

കാർഷിക മേഖലയിൽ സമത്വം കൈവരിക്കുന്നതിന് ഭൂപരിഷ്കരണം ആവശ്യമാണ്. ഭൂമിയുടെ ഉടമസ്ഥാവകാശത്തിലുള്ള പുനർവിതരണമാണ് **ഭൂപരിഷ്കരണം** എന്നത് കൊണ്ട് വിവക്ഷിക്കുന്നത്.

സ്വാതന്ത്ര്യം ലഭിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ തന്നെ ഭൂമിയിൽ അധ്വാനിക്കുന്നവരെ ഭൂമിയുടെ ഉടമസ്ഥരാക്കാനുള്ള ശ്രമം നടന്നിരുന്നു. ഇടനിലക്കാരെ ഒഴിവാക്കാനുള്ള നടപടികൾ സർക്കാർ എടുത്തിരുന്നു. വേണ്ടത്ര മൂലധനം ലഭ്യമാക്കിയാൽ, ഭൂവുടമാവകാശം ലഭിച്ച ഭൂമിയിൽ അധ്വാനിക്കുന്നവർക്ക് കൃഷിയുടെ പുരോഗതിക്കായി നിക്ഷേപം നടത്തുന്നതിനുള്ള പ്രചോദനമുണ്ടാകും എന്നതായിരുന്നു ഈ നീക്കത്തിനു പിന്നിലുള്ള ആശയം (ബോക്സ് 2.5 കാണുക). കാർഷികമേഖലയിൽ സമത്വം കൊണ്ടു വരുന്നതിനായുള്ള മറ്റൊരു നയമായിരുന്നു ഭൂപരിധി നിശ്ചയിക്കൽ. ഒരു വ്യക്തിക്ക് കൈവശം വെക്കാവുന്ന ഭൂമിയുടെ പരമാവധി അളവ് നിശ്ചയിക്കുക എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഭൂഉടമസ്ഥത കുറച്ചു പേരിൽ കേന്ദ്രീകരിക്കപ്പെടുന്നത് ഒഴിവാക്കുക എന്നതായിരുന്നു ഭൂപരിധി നിർണയത്തിന്റെ ലക്ഷ്യം.

ഇടനിലക്കാർ ഒഴിവാക്കപ്പെട്ടതോടുകൂടി 200 ലക്ഷത്തോളം കുടിയാന്മാർ സമീന്ദാർമാരുടെ ചൂഷണത്തിൽ നിന്നും മോചിതരാവുകയും ഗവൺമെന്റുമായി നേരിട്ടുള്ള ബന്ധത്തിൽ വരികയും ചെയ്തു. ഭൂഉടമാവകാശം കുടിയാന്മാരിലേക്ക് കൈമാറ്റം ചെയ്തത് അവർക്ക് ഒരു പ്രോത്സാഹനമാവുകയും കാർഷിക വളർച്ചക്ക് ഉതകുകയും ചെയ്തു. എങ്കിലും ഇടനിലക്കാരുടെ ഒഴിവാക്കൽ കൊണ്ട് സമത്വം എന്ന ലക്ഷ്യം മുഴുവനായും പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ചില പ്രദേശങ്ങളിൽ പഴയ സെമീന്ദാർ തന്നെ നിയമത്തിന്റെ പഴുതുപയോഗപ്പെടുത്തി വലിയ ഭൂപ്രദേശത്തിന്റെ ഉടമസ്ഥരായി തുടർന്നു. ഭൂവുടമകൾ കൃഷിക്കാരെന്ന് (ഭൂമിയിൽ അധ്വാനിക്കുന്നവർ) അവകാശപ്പെടുകയും യഥാർത്ഥ കുടിയാൻമാരെ കുടിയൊഴിപ്പിച്ച് ഭൂവുടമസ്ഥാവകാശം നിലനിർത്തുകയും ചെയ്ത അവസ്ഥകൾ ഉണ്ടായിട്ടുണ്ട്. ഭൂമിയിൽ അധ്വാനിക്കുന്നവർക്ക് ഉടമസ്ഥാവകാശം ലഭിച്ചെങ്കിലും അതിദരിദ്രരായ കർഷകതൊഴിലാളികൾക്ക് (പങ്കു കൃഷിക്കാർ, ഭൂമിയില്ലാത്ത തൊഴിലാളികൾ തുടങ്ങിയവർ) ഭൂപരിഷ്ക്കരണത്തിന്റെ നേട്ടം ലഭിച്ചിരുന്നില്ല.

ഭൂപരിധി നിയമം തടസ്സപ്പെടുത്തി. വൻകിട ഭൂഉടമകൾ ഈ നിയമത്തെ കോടതിയിൽ ചോദ്യം ചെയ്യുകയും നിയമം നടക്കുന്നത് വൈകിപ്പിക്കുകയും ചെയ്തു. ഈ കാലവിളംബം ഉപയോഗപ്പെടുത്തി അവർ ഭൂമി തങ്ങളുടെ അടുത്ത ബന്ധുക്കളുടെ പേരിലാക്കുകയും അങ്ങനെ നിയമ നടപടികളിൽ നിന്നും രക്ഷപ്പെടുകയും ചെയ്തു. നിയമത്തിന്റെ പഴുതുകൾ പരമാവധി പ്രയോജനപ്പെടുത്തി വൻകിട ഭൂവുടമകൾ അവരുടെ ഭൂവുടമസ്ഥത നിലനിർത്തി. 'ഭൂമി അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക്' എന്ന നയത്തോട് പ്രതിബദ്ധത പുലർത്തിയ ഗവൺമെന്റുകൾ ഉണ്ടായിരുന്ന കേരളത്തിലും പശ്ചിമബംഗാളിലും ഭൂപരിഷ്ക്കരണം വിജയകരമായിരുന്നു. നിർഭാഗ്യവശാൽ മറ്റു സംസ്ഥാനങ്ങൾക്ക് ഇതുപോലുള്ള പ്രതിബദ്ധത ഇല്ലാതിരുന്നതുകൊണ്ട്, ഇന്നും കൈവശഭൂമിയുടെ അളവിൽ വലിയ അസന്തുലിതാവസ്ഥ നില നിൽക്കുന്നുണ്ട്.

**ഹരിതവിപ്ലവം (Green Revolution):** സ്വാതന്ത്ര്യ സമയത്ത് രാജ്യത്തിലെ 75 ശതമാനം ജനങ്ങളും കൃഷിയെയാണ് ആശ്രയിച്ചത്. ഭൂരിഭാഗം കർഷകരും പഴയ സാങ്കേതിക വിദ്യ ഉപയോ

ഗിച്ചിരുന്നതിനാലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താലും കാർഷിക മേഖലയിലെ ഉൽപാദനക്ഷമത വളരെ കുറവായിരുന്നു. ഇന്ത്യൻ കൃഷി പ്രധാനമായും മൺസൂണിനെ ആശ്രയിച്ചുള്ളതാണ്. ജലസേചന സൗകര്യം ലഭ്യമല്ലെങ്കിൽ മഴക്കുറവ് കർഷകരെ പ്രയാസത്തിലാക്കിയിരുന്നു. വളരെക്കുറച്ച് കർഷകർക്ക് മാത്രമേ ജലസേചന സൗകര്യങ്ങൾ ലഭ്യമായിരുന്നുള്ളൂ. ഹരിത വിപ്ലവത്തിലൂടെ കോളനിഭരണത്തിൻ കീഴിൽ കാർഷികമേഖലയിൽ നിലനിന്നിരുന്ന സ്തംഭനാവസ്ഥ കുറേയൊക്കെ പരിഹരിക്കാനായി. ഹരിതവിപ്ലവം എന്നത് അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളുടെ (പ്രത്യേകിച്ചും ഗോതമ്പിന്റെയും നെല്ലിന്റെയും) ഉൽപാദനത്തിൽ ഉണ്ടായ വൻവർദ്ധനവിനെ സൂചിപ്പിക്കുന്നു. ഇത്തരത്തിൽ അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കുന്നതിന് കൃത്യമായ അളവിൽ രാസവളങ്ങൾ, കീടനാശിനികൾ എന്നിവയും സ്ഥിരമായ ജലസേചനവും ആവശ്യമാണ്. ഇതിനു പുറമേ നിവേശങ്ങളുടെ (inputs) ശരിയായ അനുപാതത്തിലുള്ള ഉപയോഗവും പ്രധാനമാണ്. അത്യുപാൽദന ശേഷിയുള്ള വിത്തിനങ്ങളിൽ നിന്നും കർഷകർക്ക് മെച്ചമുണ്ടാവണമെങ്കിൽ സ്ഥായിയായ ജലസേചന സൗകര്യങ്ങളും രാസവളം കീടനാശിനി എന്നിവ വാങ്ങാനുള്ള സാമ്പത്തിക ശേഷിയും അത്യാവശ്യമാണ്. തൽഫലമായി ഹരിത വിപ്ലവത്തിന്റെ ഒന്നാം ഘട്ടത്തിൽ (ഏകദേശം 1960 ന്റെ പകുതി മുതൽ 1970 –ന്റെ പകുതി വരെ) അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗം സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന പഞ്ചാബ്, ആന്ധ്രാപ്രദേശ്, തമിഴ് നാട് എന്നീ സംസ്ഥാനങ്ങളിലായി പരിമിതപ്പെട്ടു. അതിലുപരി അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കൂടുതൽ നേട്ടമുണ്ടാക്കിയത് ഗോതമ്പ് കൃഷി ചെയ്യുന്ന പ്രദേശങ്ങളിലാണ്

ഹരിതവിപ്ലവത്തിന്റെ രണ്ടാം ഘട്ടത്തിൽ (1970 –ന്റെ പകുതി മുതൽ 1980 –ന്റെ പകുതി വരെ) അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും സാങ്കേതിക വിദ്യയും കൂടുതൽ സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുകയും കൂടുതൽ വൈവിധ്യമുള്ള വിളകൾക്ക് പ്രയോജനപ്പെടുകയും ചെയ്തു. ഹരിതവിപ്ലവ സാങ്കേതിക വിദ്യയുടെ വ്യാപനം ഇന്ത്യയെ ഭക്ഷ്യ ധാന്യങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ പ്രപ്തമാക്കി. നമ്മുടെ ഭക്ഷ്യ ആവശ്യങ്ങൾക്കായി നാം അമേരിക്കയുടെയോ മറ്റേതെങ്കിലും രാഷ്ട്രങ്ങളുടെയോ ദയക്കുവേണ്ടി ഇനി കാത്തു നിൽക്കേണ്ടതില്ല.

കാർഷിക ഉൽപന്നങ്ങളുടെ വളർച്ച പ്രധാന്യമർഹിക്കുന്നതാണ്. പക്ഷേ അത് പര്യാപ്തമായിരുന്നില്ല. ഈ ഉൽപാദന വർദ്ധനവിന്റെ വലിയൊരു ഭാഗം വിപണികളിൽ വിൽക്കാതെ കർഷകർ തന്നെ സ്വയം ഉപഭോഗം നടത്തിയാൽ അത് ദേശീയവരുമാന കണക്കിൽ വലിയൊരു വ്യത്യാസം ഉണ്ടാക്കുകയില്ല. നേരെ മറിച്ച് വർദ്ധിച്ച കാർഷിക ഉൽപാദനത്തിന്റെ ഏറിയ പങ്കും വിപണികളിൽ വിറ്റഴിക്കപ്പെട്ടാൽ അതിന് ദേശീയ വരുമാനകണക്കിൽ വർദ്ധനവു ഉണ്ടാക്കാൻ കഴിയും. കർഷകർ വിപണിയിൽ വിൽക്കുന്ന കാർഷിക ഉൽപന്നത്തിന്റെ ഭാഗം **കമ്പോളമിച്ചം** (marketed surplus) എന്നറിയപ്പെടുന്നു. ഹരിത വിപ്ലവത്തിന്റെ സമയത്ത് ഉൽപാദിപ്പിച്ച അരിയുടെയും ഗോതമ്പിന്റെയും നല്ലൊരുഭാഗം (വിപണിയിൽ ലഭ്യമാക്കിയ മിച്ചം) കർഷകർ വിപണിയിൽ വിറ്റു. തൽഫലമായി മറ്റ് ഉപഭോഗ വസ്തുക്കളെ അപേക്ഷിച്ച് ഭക്ഷ്യ ധാന്യങ്ങളുടെ വില




കുറഞ്ഞു. വരുമാനത്തിന്റെ നല്ലൊരു ശതമാനം ഭക്ഷണത്തിനു വേണ്ടി ചിലവഴിച്ചിരുന്ന താഴ്ന്ന വരുമാനക്കാർക്ക് ഭക്ഷ്യ ധാന്യങ്ങളുടെ വിലയിലുണ്ടായ കുറവ് പ്രയോജനകരമായി. ഭക്ഷ്യ ധാന്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ ആവശ്യമായ ധാന്യ ശേഖരം ഉണ്ടാക്കുന്നതിന് ഹരിത വിപ്ലവം ഗവൺമെന്റിനെ സഹായിച്ചു.

ഹരിത വിപ്ലവം രാഷ്ട്രത്തിന് വലിയ നേട്ടം ഉണ്ടാക്കിയെങ്കിലും ഇതിന് ഉപയോഗപ്പെടുത്തിയ സാങ്കേതികവിദ്യ പ്രശ്നങ്ങളിൽ നിന്നും മുക്തമായിരുന്നില്ല. ഇതിന്റെ ഒരു പരിണിതഫലം ഇത് ചെറുകിട കർഷകരും വൻകിട കർഷകരും തമ്മിലുള്ള അന്തരം വർദ്ധിപ്പിച്ചു എന്നതാണ്. അവശ്യ നിവേശങ്ങളുടെ ചിലവ് വഹിക്കാൻ കഴിവുണ്ടായിരുന്നത് വൻകിട കർഷകർക്കായിരുന്നതിനാൽ ഹരിതവിപ്ലവത്തിലൂടെ കൂടുതൽ ലാഭം കൊയ്തതും അവർ തന്നെ. മാത്രമല്ല, അത്യുൽപാദനമേൻമയുള്ള വിളകൾക്ക് കൂടുതൽ കീടാക്രമണ സാധ്യത ഉണ്ടായിരുന്നതിനാൽ ഇത്തരം സാങ്കേതികവിദ്യ സ്വീകരിച്ച ചെറുകിട കർഷകർക്ക് കീടാക്രമണം ഉണ്ടായാൽ എല്ലാം നഷ്ടമാകുമായിരുന്നു.

സർക്കാർ സ്വീകരിച്ച നടപടികൾ മൂലം ഇത്തരം ഭയമെല്ലാം കുറയ്ക്കാനായി. ചെറുകിട കർഷകർക്ക് അവശ്യ നിവേശങ്ങൾ ലഭ്യമാക്കുന്നതിനായി ഗവൺമെന്റ് സബ്സിഡി നിരക്കിൽ രാസവളം നൽകുകയും കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കുകയും ചെയ്തു. തൽഫലമായി ചെറുകിട കർഷകർക്ക് അവശ്യ നിവേശങ്ങൾ നേടാൻ കഴിഞ്ഞതിനാൽ കാലക്രമേണ ചെറു വിള നിലങ്ങളുടെ ഉൽപാദനക്ഷമത വൻകിട വിള നിലങ്ങളുടേതിന് തുല്യമായി. ഇതിന്റെ ഫലമായി ഹരിതവിപ്ലവ

ത്തിന്റെ പ്രയോജനം വൻകിടക്കാർക്കും ചെറുകിടക്കാർക്കും ലഭ്യമായി. പൊതുമേഖല ഗവേഷണസ്ഥാപനങ്ങൾ നൽകിയ സേവനങ്ങൾ കീടാക്രമണം മൂലമുണ്ടാവുന്ന ചെറുകിട കർഷകരുടെ നഷ്ട സാധ്യത ഗണ്യമായി കുറച്ചു. അതായത് ചെറുകിട കർഷകർക്കും സാങ്കേതികവിദ്യയുടെ പ്രയോജനം ലഭ്യമാക്കുന്നതിൽ ഗവൺമെന്റുകൾ തങ്ങളുടെ പങ്ക് വഹിക്കാത്ത സാഹചര്യത്തിലാണ് ഹരിത വിപ്ലവത്തിന്റെ പ്രയോജനം ധനിക കർഷകർക്ക് മാത്രമായി പരിമിതപ്പെട്ടത് എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.

**സബ്സിഡി - ഒരു സംവാദം:** സബ്സിഡിയുടെ സാമ്പത്തിക ന്യായീകരണം ഇന്ന് ഒരു ചൂടേറിയ ചർച്ചാ വിഷയമാണ്. കർഷകർക്ക് പൊതുവിലും ചെറുകിട കർഷകർക്ക് പ്രത്യേകിച്ചും അത്യുൽപാദന മേൻമയുള്ള സാങ്കേതിക വിദ്യ ഉപയോഗിക്കാൻ പ്രോത്സാഹനം നൽകേണ്ടതിന് സബ്സിഡി അനിവാര്യമാണെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടതാണ്. കർഷകർ എല്ലാ പുത്തൻസാങ്കേതിക വിദ്യയും അപകടസാധ്യത ഉള്ളതായി കാണുന്നു. ആയതിനാൽ കർഷകരെ പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിന് സബ്സിഡി നൽകേണ്ടത് ഒരു ആവശ്യമാണ്. ഒരിക്കൽ സാങ്കേതിക വിദ്യ ലാഭകരമായിക്കഴിഞ്ഞാൽ, വ്യാപകമായി സ്വീകരിക്കപ്പെട്ടതാണെങ്കിലും അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയതുകൊണ്ട് സബ്സിഡികൾ ഘട്ടം ഘട്ടമായി നിർത്തലാക്കണമെന്ന് ചില സാമ്പത്തിക ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. കർഷകർക്ക് പ്രയോജനകരമാകാനാണ് സബ്സിഡികൾ നൽകുന്നതെങ്കിലും രാസവളവ്യവസായവും സബ്സിഡി പ്രയോജനപ്പെടുത്തുന്നുണ്ട്. പൊതുവിൽ സാമ്പത്തിക അഭിവൃദ്ധി നേടിയ മേഖലകളിലെ കർഷകരാണ് സബ്സിഡികൾ കാര്യമായി പ്രയോജനപ്പെടുത്തുന്നത്. അതിനാൽ രാസവളസബ്സിഡികൾ തുടരുന്നതിൽ അർത്ഥമില്ലെന്ന വാദവുമുണ്ട്. കാരണം സബ്സിഡി ലക്ഷ്യം വെക്കുന്ന വിഭാഗത്തിന് പ്രയോജനകരമാവുന്നില്ലെന്നു മാത്രമല്ല ഗവൺമെന്റിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുകയും ചെയ്യുന്നു (ബോക്സ് 2.6 കാണുക.)

മറുഭാഗത്ത് ഇന്ത്യയിൽ കൃഷിയിൽ നഷ്ട സാധ്യതയുള്ളതായതിനാൽ (risk) കാർഷിക സബ്സിഡി തുടരണമെന്ന് വിശ്വസിക്കുന്നവരുണ്ട്. ഭൂരിഭാഗം കർഷകരും ദരിദ്രരാണ്. സബ്സിഡി കൂടാതെ അവശ്യ നിവേശങ്ങൾക്കുള്ള ചിലവ് വഹിക്കാൻ അവർക്ക് കഴിയുന്നില്ല. സബ്സിഡി ഒഴിവാക്കുന്നത് ധനിക കർഷകരും ദരിദ്ര കർഷകരും തമ്മിലുള്ള അസമത്വം വർദ്ധിപ്പിക്കുകയും സമത്വമെന്ന ലക്ഷ്യത്തിന് എതിരാവുകയും ചെയ്യുന്നു. സബ്സിഡികൾ പ്രയോജനകരമാവുന്നത് വൻകിട കർഷകർക്കും രാസവള വ്യവസായത്തിനുമാണെങ്കിൽ സബ്സിഡി ഒഴിവാക്കലല്ല ശരിയായ നയമെന്നും ദരിദ്ര കർഷകർ സബ്സിഡിയുടെ നേട്ടങ്ങൾ അനുഭവിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന നടപടികൾ എടുക്കുകയാണ് വേണ്ടതെന്നും ഈ വിദഗ്ദർ വാദിക്കുന്നു.

1960 കളുടെ അവസാനത്തോടുകൂടി ഇന്ത്യയിലെ കാർഷിക ഉൽപാദനക്ഷമത വർദ്ധനവ് ഭക്ഷ്യധാന്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സഹായകരമായി. ഇത് അഭിമാനിക്കേണ്ട ഒരു നേട്ടമാണ്. എന്നാൽ 1990 കളുടെ അവസാനത്തിൽപോലും രാജ്യത്തിന്റെ 65 ശതമാനം ജനങ്ങളും കാർഷിക

**ബോക്സ് 2.6 വിലകൾ എന്ന സൂചനകൾ**

സാധനങ്ങളുടെ വിലകൾ വിപണിയിൽ നിർണ്ണയിക്കപ്പെടുന്നതെങ്ങനെയെന്ന് നിങ്ങൾ മുൻ ക്ലാസുകളിൽ പഠിച്ചിട്ടുണ്ടാവുമല്ലോ. വിലകൾ വസ്തുക്കളുടെ ലഭ്യതയെക്കുറിച്ചുള്ള സൂചനകളാണ്. ഒരു വസ്തുവിന് ദൗർലഭ്യമുണ്ടെങ്കിൽ അതിന്റെ വില വർദ്ധിക്കുകയും അതുപയോഗിക്കുന്നവർക്ക് വിലയുടെ അടിസ്ഥാനത്തിൽ ആ വസ്തു കാര്യക്ഷമമായി ഉപയോഗിക്കാൻ പ്രചോദനമാവുകയും ചെയ്യാറുണ്ട്. ജലലഭ്യതയിലുണ്ടാവുന്ന കുറവ് മൂലം അതിന്റെ വില ഉയരുകയാണെങ്കിൽ കൂടുതൽ ശ്രദ്ധയോടെ ജലം ഉപയോഗിക്കാൻ ജനങ്ങൾക്ക് പ്രചോദനമാവാറുണ്ട്. ഉദാഹരണത്തിന് ജല ഉപയോഗം കുറക്കുന്നതിനായി അവർ തോട്ടം നനക്കുന്നത് നിർത്തിയേക്കാം. പെട്രോളിന്റെ വില വർദ്ധിക്കുമ്പോൾ നാം പരാതിപ്പെടുകയും ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയും ചെയ്യും. പക്ഷെ വർദ്ധിക്കുന്ന വില കാണിക്കുന്നത് അതിന്റെ ദൗർലഭ്യത്തെയാണ്. കുറച്ചു പെട്രോൾ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്ന സൂചനയാണ് ഇത് നൽകുന്നത്. ഇത് പെട്രോളിന്റെ ഉപയോഗത്തിൽ കുറവ് വരുത്തുന്നതിനോ ബദൽ ഇന്ധനങ്ങൾ കണ്ടെത്താനോ പ്രചോദനമാവാറുണ്ട്.

ഒരു വസ്തുവിന്റെ വിലയിൽ നിന്നും അതിന്റെ ലഭ്യതയെ സംബന്ധിച്ച സൂചന കിട്ടുന്നതിന് സബ്സിഡി തടസ്സം സൃഷ്ടിക്കുന്നതായി ചില സാമ്പത്തിക ശാസ്ത്രജ്ഞർ ചൂണ്ടികാട്ടുന്നു. വൈദ്യുതി, ജലം എന്നിവ സബ്സിഡി നിരക്കിലോ, സൗജന്യമോ ആയി നൽകുമ്പോൾ അവയുടെ ദൗർലഭ്യം പരിഗണിക്കാതെ പാഴാക്കിക്കളയാൻ സാധ്യതയുണ്ട്. ജല ദൗർലഭ്യമുള്ള പ്രദേശമാണെങ്കിലും ജലം സൗജന്യമായി നല്കിയാൽ കർഷകർ ജല ഉപയോഗം കൂടുതലുള്ള വിളകൾ കൃഷിചെയ്യുകയും ഇത്തരം വിളകൾ പരിമിതമായ ജല വിഭവങ്ങളുടെ ശോഷണത്തിന് കാരണമാവുകയും ചെയ്യുന്നു. ജല ദൗർലഭ്യത്തിന് അനുസൃതമായ വിലയാണ് ജലത്തിന് ചുമത്തിയിരുന്നെങ്കിൽ അത്തരം പ്രദേശത്തിന് യോജിച്ച വിളകൾ കർഷകർ അവിടെ കൃഷി ചെയ്യുമായിരുന്നു. രാസവള-കീടനാശിനി സബ്സിഡികൾ പരിസ്ഥിതിക്ക് വിനാശകരമായേക്കാവുന്ന രീതിയിൽ വിഭവങ്ങളുടെ അമിത ഉപയോഗത്തിന് കാരണമാവുന്നു. സബ്സിഡികൾ വിഭവങ്ങൾ പാഴാക്കുന്ന രീതിയിലുള്ള ഉപയോഗത്തിന് പ്രേരകമാവുന്നു. പ്രചോദനം എന്ന നിലയിൽ സബ്സിഡിയെ കണ്ടു കൊണ്ട് കർഷകർക്ക് സൗജന്യ വൈദ്യുതി നൽകുന്നത് സാമ്പത്തിക ശാസ്ത്രത്തിന്റെ വീക്ഷണത്തിൽ നിന്നു കൊണ്ട് ബുദ്ധിപരമാണോ എന്ന് ചിന്തിക്കുക.

മേഖലയെ തന്നെ തൊഴിലിനായി ആശ്രയിക്കുന്നു എന്നത് അഭികാമ്യമല്ല. കാരണം ഒരു രാജ്യം അഭിവൃദ്ധിപ്പെടുന്നതിനനുസരിച്ച് മൊത്ത ആഭ്യന്തര ഉൽപാദനത്തിലേക്ക് കാർഷികമേഖലയിൽ നിന്നുള്ള സംഭാവനയുടെ അനുപാതവും ആ മേഖലയിൽ ജോലിചെയ്യുന്ന ജനങ്ങളുടെ എണ്ണവും കുറയുന്നു എന്ന് സാമ്പത്തിക ശാസ്ത്രജ്ഞർ പൊതുവിൽ നിരീക്ഷിച്ചതാണ്. ഇന്ത്യയിൽ 1950 നും 1990 നും ഇടക്ക് കാർഷികമേഖലയുടെ സംഭാവന മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ അനുപാതം എന്ന നിലയിൽ ഗണ്യ

മായി കുറഞ്ഞു. പക്ഷേ കാർഷികമേഖലയെ ആശ്രയിക്കുന്ന ജനങ്ങളുടെ എണ്ണത്തിൽ കാര്യ മായ കുറവ് വന്നില്ല. (1950 ൽ 67.5 ശതമാന ത്തിൽ നിന്നും 1990 ആവുമ്പോഴേക്കും 64.9 ശത മാനം). ചെറിയൊരു വിഭാഗം മാത്രം ജോലി ചെയ്താൽപ്പോലും വളർച്ചയുണ്ടാകുമായിരുന്ന കാർഷികമേഖലയിൽ എന്തുകൊണ്ടാവാം വലി യൊരു വിഭാഗം ജനങ്ങൾ തൊഴിൽ ചെയ്യേണ്ടി വരുന്നത്? കാർഷികമേഖലയിൽ ജോലി ചെയ്തിരുന്നവരെ ഉൾക്കൊള്ളാൻ സേവന, വ്യാവസായിക മേഖലകൾക്കായില്ല എന്ന താണ് ഇതിനുള്ള ഉത്തരം. 1950 മുതൽ 1990 വരെ നാം പിന്തുടർന്ന നയങ്ങളുടെ പരാജയ മായിട്ടാണ് ചില സാമ്പത്തിക ശാസ്ത്രജ്ഞർ ഇതിനെ കാണുന്നത്.

## 2.4 വ്യവസായവും വ്യാപാരവും (Industry and Trade)

ദരിദ്ര രാഷ്ട്രങ്ങൾ പുരോഗതി പ്രാപിക്കണമെ ങ്കിൽ നല്ലൊരു വ്യവസായിക വളർച്ചയിലൂടെ മാത്രമേ സാധ്യമാവൂ എന്ന് സാമ്പത്തിക ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. വ്യവ സായമേഖല കാർഷികമേഖലയേക്കാൾ സ്ഥിര തയുള്ള തൊഴിൽ നൽകുകയും ആധു നികവൽക്കരണത്തേയും മൊത്തം അഭിവൃദ്ധി യേയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ വെളിച്ചത്തിലാണ് പഞ്ചവത്സര പദ്ധ തികൾ വ്യാവസായിക വികസനത്തിന് ഊന്നൽ നൽകുന്നത്. സ്വാതന്ത്ര്യം നേടിയ കാലത്ത് വ്യാവസായിക വൈവിദ്ധ്യവൽക്ക രണം തീരെ കുറവായിരുന്നുവെന്നും പരുത്തി, ചണം എന്നിവയിൽ മാത്രം ഒതുങ്ങി യിരുന്നുവെന്നും നിങ്ങൾ കഴിഞ്ഞ അധ്യായ ത്തിൽ പഠിച്ചുവല്ലോ? ജംഷെഡ്പൂരിലും കൊൽക്കത്തയിലുമായി നല്ലരീതിയിൽ പ്രവർത്തിച്ച രണ്ട് ഇരുമ്പുരുക്ക് വ്യവസായശാ ലകൾ ഉണ്ടായിരുന്നു. പക്ഷേ സമ്പദ്ഘടന യുടെ വളർച്ചക്ക് വ്യവസായിക അടിത്തറ വിപുലപ്പെടുത്തേണ്ടതിന് വൈവിധ്യപൂർണ്ണ മായ വ്യവസായങ്ങൾ വേണം.

**ഇന്ത്യൻ വ്യവസായവികസനത്തിൽ പൊതു മേഖലയും സ്വകാര്യമേഖലയും:** വ്യാവ സായികവികസനത്തിൽ ഗവൺമെന്റിന്റെയും സ്വകാര്യ മേഖലയുടേയും പങ്ക് എന്തായിരി ക്കണം? ഇതായിരുന്നു നയരൂപകർ നേരിട്ട വലിയ വെല്ലുവിളി. സ്വാതന്ത്ര്യം കിട്ടിയ സമ യത്ത് ഇന്ത്യൻവ്യവസായികൾക്ക് നമ്മുടെ രാജ്യത്തിന്റെ വികസനത്തിനാവശ്യമായ വ്യാവസായിക സംരംഭങ്ങൾക്കായി നിക്ഷേപം നടത്താൻ ആവശ്യമായ മൂലധനം ഉണ്ടായി രുന്നെങ്കിലും വികസന പദ്ധതികൾ ഏറ്റെടു ക്കാനും ഉൽപാദനം നടത്താനും പ്രേരിപ്പി ക്കുന്ന തരത്തിലുള്ള വിപുലമായ കമ്പോളം ഇല്ലായിരുന്നു. ഇക്കാരണത്താൽ സർക്കാരിന് വ്യവസായിക മേഖലയെ പ്രോത്സാഹിപ്പിക്കു ന്നതിൽ പ്രധാനപങ്ക് വഹിക്കാനുണ്ടായിരുന്നു. കൂടാതെ രണ്ടാം പഞ്ചവത്സര പദ്ധതി മുന്നോ ട്ടുവെച്ചതുപോലെ സോഷ്യലിസ്റ്റ് രീതിയിൽ ഇന്ത്യൻ സമ്പദ്ഘടനയെ വികസിപ്പിക്കുക എന്നത് സർക്കാർ തന്നെ സമ്പദ്ഘടനയെ മുഖ്യമായും നിയന്ത്രിക്കുക എന്ന നയത്തിലേ ക്കെത്തിച്ചു. സമ്പദ്ഘടനയിൽ പരമപ്രധാന വ്യവസായങ്ങളെ പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലാക്കുക എന്നതാണ് ഇത് അർത്ഥമാക്കുന്നത്. പൊതുമേഖല ഒരു മാർഗ്ഗനിർദ്ദേശി ആയതിനാൽ സ്വകാര്യ മേഖ ലയുടെ നയങ്ങൾ പൊതുമേഖലയുടേതിന് പൂരകമാവേണ്ടതുണ്ട്.

## പഠന പ്രവർത്തനങ്ങൾ

- ഒരു സംഘം വിദ്യാർത്ഥികൾ ഒരു കൃഷിയിടം സന്ദർശിച്ച് അവിടുത്തെ കൃഷി രീതികളെക്കുറിച്ച്, അതായത് അവിടെ ഉപയോഗിച്ചിരിക്കുന്ന വിത്തിനങ്ങൾ, രാസവളങ്ങൾ, യന്ത്രങ്ങൾ, ജലസേചന ഉപാധികൾ, വഹിച്ച ചിലവുകൾ, വിപണനമിച്ചം, നേടിയ വരുമാനം എന്നിവ ഉൾപ്പെടുത്തി, ഒരു കേസ് സ്റ്റഡി തയ്യാറാക്കുക. കൃഷി ഭൂമിയിലുള്ള ഒരു മുതിർന്ന അംഗത്തിൽ നിന്നും കൃഷി രീതിയിൽ വന്ന മാറ്റങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നത് ഗുണകരമാവും.

  (a) നിങ്ങളുടെ കണ്ടെത്തലുകൾ ക്ലാസിൽ ചർച്ച ചെയ്യുക.

  (b) ഉൽപാദനച്ചിലവ്, ഉൽപാദനക്ഷമത, വിത്തിനങ്ങളുടെ ഉപയോഗം, രാസവളങ്ങൾ, ജലസേചന സംവിധാനങ്ങൾ, കാലയളവ്, വിപണനമിച്ചം, കുടുംബവരുമാനം എന്നിവയിൽ വന്ന മാറ്റങ്ങളെ കാണിക്കുന്ന ചാർട്ട് വിവിധ ഗ്രൂപ്പുകളിലായി തയ്യാറാക്കുക.

- ലോകബാങ്ക്, അന്താരാഷ്ട്ര നാണയനിധി, ലോകവ്യാപാര സംഘടന (ജി 7, ജി 8, ജി 10 രാജ്യങ്ങളുടെ സമ്മേളനങ്ങൾ) എന്നിവയുമായി ബന്ധപ്പെട്ട പത്ര വാർത്തകൾ ശേഖരിക്കുക. കാർഷിക സബ്സിഡിയിൽ വികസിത രാഷ്ട്രങ്ങളുടെയും വികസ്വര രാഷ്ട്രങ്ങളുടേയും കാഴ്ചപ്പാടുകൾ ചർച്ച ചെയ്യുക.

- താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും ഇന്ത്യൻ തൊഴിൽ ഘടനയുടെ പൈചാർട്ട് തയ്യാറാക്കുക

| മേഖല | 1950–51 | 1990–91 | 2015–16 |
|---|---|---|---|
| കൃഷി | 72.1 | 66.8 | 47 |
| വ്യവസായം | 10.7 | 12.7 | 22 |
| സേവനം | 17.2 | 20.5 | 31 |

- കാർഷിക സബ്സിഡിയെ അനുകൂലിക്കുന്നതും പ്രതികൂലിക്കുന്നതുമായ വാദങ്ങൾ പഠനവിധേയമാക്കുക. ഈ വിഷയത്തിൽ നിങ്ങളുടെ കാഴ്ചപ്പാട് എന്താണ്?

- മറ്റു രാജ്യങ്ങളിലെ, പ്രത്യേകിച്ചും വികസിത രാഷ്ട്രങ്ങളിലെ കർഷകർക്ക് വൻ സബ്സിഡി നൽകുകയും ഇത് അവരുടെ ഉൽപന്നങ്ങൾ മറ്റു രാഷ്ട്രങ്ങളിലേക്ക് കയറ്റുമതി ചെയ്യാൻ പ്രോത്സാഹനമാവുകയും ചെയ്യുന്നതായി ചില സാമ്പത്തിക ശാസ്ത്രജ്ഞർ വാദിക്കുന്നു. വികസിത രാഷ്ട്രങ്ങളിലെ കർഷകരുമായി നമ്മുടെ കർഷകർക്ക് മത്സരിക്കാനാവുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ചർച്ച ചെയ്യുക.

**വ്യാവസായിക നയപ്രമേയം 1956 (IPR 1956):** സമ്പദ്ഘടനയിലെ അടിസ്ഥാന മേഖലകളെ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തിനനുസൃതമായി 1956ൽ പുതിയ വ്യാവസായികനയം അംഗീകരിച്ചു. ഒരു സോഷ്യലിസ്റ്റ് ഘടന നിർമ്മിക്കാൻ പരിശ്രമിച്ചു. രണ്ടാം പഞ്ചവത്സര പദ്ധതിക്ക് ഇതൊരു അടിത്തറയായി. പ്രസ്തുത പ്രമേയം വ്യവസായങ്ങളെ മൂന്നായി തരം തിരിച്ചു. സർക്കാരിന്റെ മാത്രം ഉടമസ്ഥതയിലുള്ള വ്യവസായങ്ങൾ ഒന്നാം വിഭാഗത്തിൽപ്പെടുന്നു. പുതിയ വ്യവസായങ്ങൾ തുടങ്ങാനുള്ള മുഴുവൻ ഉത്തരവാദിത്വവും സർക്കാരിൽ നിക്ഷിപ്തമായതും അത്തരത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്ന സ്വകാര്യ വ്യവസായങ്ങളും രണ്ടാമത്തെ വിഭാഗത്തിൽ പെടുന്നു. അവശേഷിക്കുന്ന സ്വകാര്യ മേഖലയിലുള്ള വ്യവസായങ്ങൾ മൂന്നാമത്തെ വിഭാഗത്തിൽപെടുന്നു.

ഒരുവിഭാഗം വ്യവസായങ്ങൾ സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുത്തെങ്കിലും ആമേഖല സർക്കാർ നിയന്ത്രണത്തിന് വിധേയമായിരുന്നു. സർക്കാരിൽ നിന്ന് ലൈസൻസ് ലഭിച്ചില്ലെങ്കിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയുമായിരുന്നില്ല. ഈ നയം പിന്നാക്ക മേഖലയിൽ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമായി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മേഖലയിലാണ് വ്യവസായം തുടങ്ങുന്നതെങ്കിൽ ലൈസൻസ് ലഭിക്കുക എളുപ്പമായിരുന്നു. അതിനു പുറമേ അത്തരം വ്യവസായശാലകൾക്ക് കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി, കുറഞ്ഞ നികുതി എന്നിങ്ങനെ ഇളവുകൾ നൽകിയിരുന്നു. പ്രാദേശിക സന്തുലിതാവസ്ഥ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു പ്രസ്തുത നയത്തിന്റെ ലക്ഷ്യം.

ഉൽപാദനത്തിന്റെ വൈവിധ്യവത്ക്കരണത്തിനോ (പുതിയതരം വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിന്) കൂടുതൽ ഉൽപാദിപ്പിക്കുന്നതിനോ നിലവിലുള്ള വ്യവസായങ്ങൾക്ക് പോലും ലൈസൻസ് ആവശ്യമായിരുന്നു. സമ്പദ്ഘടനക്ക് ആവശ്യമുള്ള അളവിൽ കൂടുതൽ സാധനങ്ങൾ ഉൽപാദിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താനായിരുന്നു ഇത്. ചരക്കുകൾ കൂടുതൽ അളവിൽ സമ്പദ്ഘടനയിൽ ആവശ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടാൽ മാത്രമേ കൂടുതൽ ഉൽപാദിപ്പിക്കാനുള്ള ലൈസൻസ് നൽകിയിരുന്നുള്ളൂ.

**ചെറുകിടവ്യവസായം (Small scale industry):** 1955 -ൽ കാർവെ കമ്മിറ്റി എന്ന് വിളിക്കുന്ന ഗ്രാമീണ ചെറുകിട വ്യവസായ കമ്മിറ്റി ഗ്രാമവികസനത്തിൽ ചെറുകിട വ്യവസായങ്ങളുടെ സാധ്യത എടുത്തു പറയുന്നു. ഒരു വ്യവസായ യൂണിറ്റിന് അനുവദനീയമായ പരമാവധി നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ചെറുകിട വ്യവസായത്തെ നിർവചിച്ചിരിക്കുന്നത്. കാലാനുസൃതമായി ഈ പരിധിയിൽ മാറ്റം വരാറുണ്ട്. 1950 ൽ പരമാവധി 5 ലക്ഷം രൂപ വരെ നിക്ഷേപം നടത്തിയ യൂണിറ്റുകളെയാണ് ചെറുകിട വ്യവസായ യൂണിറ്റുകളായി പരിഗണിച്ചത്. ഇപ്പോൾ പരമാവധി അനുവദനീയമായ നിക്ഷേപം ഒരു കോടി രൂപ ആണ്.

ചെറുകിടവ്യവസായങ്ങൾ കൂടുതൽ തൊഴിലുന്മുഖമാണ്. അതായത് വൻകിടവ്യവസായങ്ങളെക്കാൾ കൂടുതൽ തൊഴിലാളികൾ ചെറുകിടവ്യവസായത്തിൽ തൊഴിൽ ചെയ്യുകയും അതിനാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. പക്ഷേ ചെറുകിടവ്യവസായങ്ങൾക്ക് വൻകിടവ്യവസായങ്ങളുമായി മത്സരിക്കാൻ കഴിയാറില്ല. അതി

നാൽ ചില വ്യവസായങ്ങൾ ചെറുകിടമേഖലക്ക് മാത്രമായി സംവരണം ചെയ്തിരിക്കുന്നു. ചരക്കുകൾ നിർമ്മിക്കാനുള്ള യൂണിറ്റുകളുടെ ശേഷി അനുസരിച്ചാണ് സംവരണ മാനദണ്ഡം നിശ്ചയിക്കുന്നത്. ഇതിനായി കുറഞ്ഞ എക്സൈസ് തീരുവയും കുറഞ്ഞ പലിശ നിരക്കിലുള്ള ബാങ്ക് വായ്പയും ചെറുകിട വ്യവസായങ്ങൾക്കു നൽകി.

## 2.5 ഇറക്കുമതി ബദൽ വ്യാപാര നയം (Trade Policy: Import Substitution)


നാം സ്വീകരിച്ച വ്യവസായനയം വ്യാപാരനയവുമായി അടുത്ത ബന്ധമുള്ളതായിരുന്നു. തദ്ദേശീയ വിഭവങ്ങളെ ഉപയോഗിക്കുക എന്ന വ്യാപാര തന്ത്രം ആയിരുന്നു ആദ്യ ഏഴ് പഞ്ചവത്സര പദ്ധതികളുടെ സവിശേഷത. സാങ്കേതികമായി ഈ തന്ത്രം ഇറക്കുമതി ബദൽ (Import Substitution) എന്നറിയപ്പെടുന്നു. ഇറക്കുമതി വസ്തുക്കൾക്ക് പകരം രാജ്യത്തിനകത്ത് ഉൽപാദിപ്പിക്കുന്ന വസ്തുക്കൾ എന്നതായിരുന്നു ഇത് ലക്ഷ്യംവെച്ചത്. ഉദാഹരണത്തിന് വിദേശത്ത് നിന്ന് വാഹനങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് പകരം അവ ഇന്ത്യയിൽ തന്നെ നിർമ്മിക്കാൻ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചു. ഈ നയം അനുസരിച്ച് സർക്കാർ തദ്ദേശീയ വ്യവസായങ്ങളെ വിദേശ മത്സരത്തിൽ നിന്നും സംരക്ഷിച്ചു. ഇറക്കുമതി ചുങ്കം (താരിഫ്) ക്വാട്ട എന്നീ രണ്ട് ഉപാധികൾ വഴിയായിരുന്നു ഇറക്കുമതിയിൽ നിന്നുള്ള സംരക്ഷണം. ഇറക്കുമതി തീരുവ എന്നത് ഇറക്കുമതിയിൽ ചുമത്തുന്ന നികുതിയാണ്. ഇവ ഇറക്കുമതി വസ്തുക്കളുടെ വിലവർദ്ധിക്കാനും അവയുടെ ഉപയോഗം കുറയാനും കാരണമാകുന്നു. എത്ര മാത്രം വസ്തുക്കൾ ഇറക്കുമതി ചെയ്യാം എന്ന് നിജപ്പെടുത്തുന്നതാണ് ക്വാട്ട സമ്പ്രദായം. ഇറക്കുമതി തീരുവ, ക്വാട്ട എന്നിവയുടെ ഫലമായി ഇറക്കുമതി നിയന്ത്രിക്കപ്പെടുകയും ആഭ്യന്തര ഉൽപാദന യൂണിറ്റുകളെ വിദേശ മത്സരത്തിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുന്നു.

വികസിതരാഷ്ട്രങ്ങളിൽ ഉൽപാദിപ്പിക്കുന്ന വസ്തുക്കളുമായി വികസ്വരരാഷ്ട്രങ്ങളിലെ വ്യവസായങ്ങൾക്ക് മത്സരക്ഷമത കുറവാണ് എന്ന ആശയത്തിലധിഷ്ടിതമാണ് സംരക്ഷണം (Protection) എന്ന നയം. ആഭ്യന്തര വ്യവസായങ്ങൾ സംരക്ഷിക്കപ്പെട്ടാൽ കാലക്രമേണ അവ മത്സര സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇറക്കുമതിയിൽ നിയന്ത്രണം ഏർപ്പെടുത്തിയില്ലെങ്കിൽ വിദേശ നാണ്യം ആഡംബര വസ്തുക്കളുടെ ഇറക്കുമതിക്കായി ചിലവഴിക്കപ്പെടാനുള്ള സാധ്യതയെ നയരൂപകർ ഭയന്നിരുന്നു. മാത്രമല്ല 1980 കളുടെ പകുതി വരെ കയറ്റുമതി പ്രോത്സാഹിപ്പിക്കാനുള്ള ഗൗരവമായ ചിന്തകൾ ഒന്നും ഉണ്ടായില്ല.

**വ്യാവസായിക വികസനത്തിൽ നയങ്ങളുടെ സ്വാധീനം :** ആദ്യ ഏഴ് പഞ്ചവത്സര പദ്ധതികളിൽ വ്യാവസായിക മേഖലയിൽ ഉണ്ടായ നേട്ടങ്ങൾ മതിപ്പുളവാക്കുന്നതായിരുന്നു. ഇക്കാലത്ത് വ്യാവസായിക മേഖലയിൽ നിന്നും മൊത്ത ആഭ്യന്തര ഉൽപ്പന്നത്തിലേക്കുള്ള സംഭാവനയുടെ അനുപാതം 1950–51 ലെ 11.8 ശതമാനത്തിൽ നിന്ന് 1990–91 ആയപ്പോഴേക്കും 24.6 ശതമാനമായി വർദ്ധിച്ചു. GDP യിലേക്കുള്ള വ്യാവസായിക മേഖലയുടെ വിഹിതത്തിലുണ്ടാവുന്ന വർദ്ധനവ് വികസനത്തിന്റെ ഒരു പ്രധാനപ്പെട്ട സൂചകം ആയിട്ടാണ് കണക്കാക്കിയിരുന്നത്. ഇക്കാലയളവിൽ വ്യാവസായിക മേഖലയിൽ ഉണ്ടായ 6% വാർഷിക വളർച്ചാ നിരക്ക് പ്രശംസനീയമാണ്. ഇന്ത്യൻ വ്യവസായം ഇനി മുതൽ പരുത്തി ചണം എന്നിവ

### പഠന പ്രവർത്തനങ്ങൾ

- താഴെ കൊടുത്ത പട്ടിക ഉപയോഗിച്ച് GDP യിലേക്കുള്ള വിവിധ മേഖലകളുടെ സംഭാവന കാണിക്കുന്ന ഒരു പൈ ചാർട്ട് നിർമ്മിക്കുക. 1950–91 കാലഘട്ടത്തിലെ വികസനത്തിന്റെ അടിസ്ഥാനത്തിൽ GDP യിലേക്ക് ഈ മേഖലകളിൽ നിന്നുണ്ടായ സംഭാവനയിൽ വന്ന വ്യത്യാസം ചർച്ചചെയ്യുക.

| മേഖല | | *1950-51* | *1990-91* |
|---|---|---|---|
| കൃഷി |  | 59.0 | 34.9 |
| വ്യവസായം |  | 13.0 | 24.6 |
| സേവനം |  | 28.0 | 40.5 |

- ക്ലാസിനെ രണ്ടായി തിരിച്ച് പൊതു മേഖല സംരംഭങ്ങളുടെ (PSUs) പ്രയോജനത്തെ ക്കുറിച്ച് ഒരു സംവാദം സംഘടിപ്പിക്കുക. ഒരു ഗ്രൂപ്പ് പൊതുമേഖലാ സംരഭങ്ങളെ അനുകൂലിച്ചും അടുത്ത ഗ്രൂപ്പ് അതിനെ എതിർത്തും സംസാരിക്കാം. (പരമാവധി വിദ്യാർത്ഥി കളെ ഇതിൽ ഉൾപ്പെടുത്തുകയും ഉദാഹരണങ്ങൾ നൽകാൻ അവരെ പ്രോത്സാഹിപ്പി ക്കുകയും ചെയ്യണം)

യിൽ മാത്രം പരിമിതപ്പെടേണ്ടതല്ല. യഥാർത്ഥ ത്തിൽ 1990 ഓടുകൂടി പൊതുമേഖലയുടെ സഹായത്തിൽ വ്യവസായം വലിയ തോതിൽ വൈവിദ്ധ്യവൽക്കരിക്കപ്പെട്ടിരുന്നു. വലിയ വ്യാവസായശാലകൾ തുടങ്ങാൻ മൂലധനം ഇല്ലാതിരുന്നവർക്ക് ചെറുകിട മേഖലയുടെ പ്രോത്സാഹനം വലിയ സാധ്യതകൾ നൽകി. വിദേശ മത്സരങ്ങളിൽ നിന്നുള്ള സംരക്ഷണം മറ്റൊരു തരത്തിൽ വികസന സാധ്യത ഇല്ലാതിരുന്ന ഇലക്ട്രോണിക്സ്, വാഹന നിർമാണം തുടങ്ങിയ പ്രാദേശിക വ്യവസായങ്ങളുടെ വികസനം സാധ്യമാക്കി.

സമ്പദ്ഘടനയുടെ വളർച്ചക്ക് പൊതുമേഖല വലിയ സംഭാവന നൽകിയെന്നാലും ചില സാമ്പത്തികശാസ്ത്രജ്ഞർ പൊതുമേഖല സംരഭങ്ങളുടെ പ്രകടനത്തെ വിമർശിക്കുന്നുണ്ട്. പ്രാരംഭഘട്ടത്തിൽ പൊതുമേഖല അതിവിപുലമായ തോതിൽ ആവശ്യമായി വന്നതിനെക്കുറിച്ച് ഈ അധ്യായത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചിരുന്നു. പൊതുമേഖല

സംരംഭങ്ങൾ ചിലസാധനങ്ങളും സേവനങ്ങളും പൊതുമേഖലയിൽ തന്നെ ഉൽപാദിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇല്ലാതിരുന്നിട്ടും (അവരുടെ കുത്തകയാക്കി) ഉൽപാദിപ്പിച്ചിരുന്നു. വാർത്താ വിനിമയ സേവനങ്ങൾ ഇതിനൊരുദാഹരണമാണ്. സ്വകാര്യമേഖലാ സ്ഥാപനങ്ങൾക്ക് ഇത് ഉൽപാദിപ്പിക്കാൻ കഴിയുമെങ്കിലും ഈ വ്യവസായം പൊതുമേഖലയ്ക്ക് സംവരണം ചെയ്തിരുന്നു. മത്സരത്തിന്റെ അഭാവം മൂലം 1990 കളുടെ അവസാനത്തിൽപോലും ഒരാൾക്ക് ദീർഘകാലം ടെലഫോൺ കണക്ഷൻ ലഭിക്കാൻ കാത്തിരിക്കേണ്ടി വന്നിരുന്നു. മോഡേൺ ബ്രഡ് നിർമാണത്തിന്റെ കാര്യം മറ്റൊരു ഉദാഹരണമാണ്; സ്വകാര്യമേഖലക്ക് ബ്രഡ് നിർമിക്കാൻ കഴിയാത്തതുപോലെ। 2001-ൽ ഈ സ്ഥാപനം സ്വകാര്യമേഖലക്ക് വിറ്റു. ആസൂത്രിത വികസനത്തിന്റെ നാല് പതിറ്റാണ്ടിന് ശേഷവും (i) പൊതുമേഖലയ്ക്ക് മാത്രം ചെയ്യാവുന്നത് ഏതെല്ലാം? (ii) സ്വകാര്യ മേഖലക്ക് ചെയ്യാവുന്നത് ഏതെല്ലാം എന്നതിന് കൃത്യമായ ഒരു വേർതിരിവ് ഉണ്ടായില്ല എന്നത് ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ഇപ്പോഴും ദേശീയപ്രതിരോധം പൊതുമേഖലയിലാണ്. അതുപോലെ സ്വകാര്യമേഖലയ്ക്ക് ഹോട്ടലുകൾ ഭംഗിയായി നടത്തികൊണ്ട് പോകാൻ കഴിയുമെങ്കിലും ഗവൺമെന്റും ഹോട്ടൽ നടത്തുന്നുണ്ട്. അതിനാൽ സ്വകാര്യമേഖലയ്ക്ക് ഭംഗിയായി കൈകാര്യം ചെയ്യാൻ കഴിയുന്ന മേഖലകളിൽ നിന്നും സർക്കാർ പിൻവാങ്ങി സ്വകാര്യമേഖലയ്ക്ക് പ്രവർത്തിക്കാൻ സാധിക്കാത്ത മേഖലകളിൽ സർക്കാരിന്റെ വിഭവങ്ങൾ വിനിയോഗിക്കുന്നതിൽ ശ്രദ്ധിക്കണമെന്ന് ചില പണ്ഡിതർ വാദിക്കുന്നു.

ഒരു രാജ്യത്തിന്റെ പരിമിതമായ വിഭവങ്ങൾ ചോർത്തിക്കളയുന്ന രീതിയിൽ നഷ്ടം വരുത്തിയാലും പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ ബുദ്ധിമുട്ടായതിനാൽ അതെപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സ്വകാര്യ സ്ഥാപനങ്ങൾ എല്ലായ്പ്പോഴും ലാഭകരമാണെന്ന് ഇത് അർത്ഥമാക്കുന്നില്ല. (യഥാർത്ഥത്തിൽ ചില പൊതു മേഖലാ സ്ഥാപനങ്ങൾ ആരംഭത്തിൽ നഷ്ടത്തെതുടർന്ന് അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്ന സ്വകാര്യ സ്ഥാപനങ്ങൾ ആയിരുന്നു. അവ പിന്നീട് അതിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാൻ വേണ്ടി ദേശസാൽക്കരിക്കപ്പെട്ടവയാണ്) എന്നിരുന്നാലും നഷ്ടം വരുത്തുന്ന സ്വകാര്യസ്ഥാപനങ്ങൾ വിഭവങ്ങൾ പാഴാക്കിക്കൊണ്ട് ഏറെ തുടർന്ന് പ്രവർത്തിക്കുകയില്ല.

പുതിയ വ്യവസായം ആരംഭിക്കുന്നതിന് അനുമതിപത്രം ആവശ്യമായിരുന്നുവെന്നത് വ്യവസായികൾ ദുരുപയോഗം ചെയ്തു. ചില വൻവ്യവസായികൾ പുതിയ സ്ഥാപനം തുടങ്ങുന്നതിലുപരി തങ്ങളുടെ പ്രതിയോഗികൾ പുതിയ സ്ഥാപനങ്ങൾ തുടങ്ങാതിരിക്കാനായി അനുമതിപത്രം കരസ്ഥമാക്കിയിരുന്നു. പെർമിറ്റ് "ലൈസൻസ് രാജ്" എന്ന് വിളിക്കുന്ന ഇത്തരം നിയന്ത്രണം ചില സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് തടസ്സമായി. വ്യവസായികൾ തങ്ങളുടെ ഉൽപന്നങ്ങൾ എങ്ങനെ മെച്ചപ്പെടുത്താം എന്ന് ചിന്തിക്കുന്നതിലുപരി പുതിയ അനുമതി പത്രങ്ങൾ നേടുന്നതിനും സർക്കാർ ഏജൻസികളെ സ്വാധീനിക്കുന്നതിനും സമയം ചിലവഴിച്ചു.

വിദേശ മത്സരത്തിൽ നിന്നുള്ള സംരക്ഷണം ഗുണത്തേക്കാളേറെ ദോഷമാണെന്ന് തെളിഞ്ഞിട്ടും തുടർന്നുപോന്നത് വിമർശനത്തിനിട

യാക്കി. ഇറക്കുമതി നിയന്ത്രിക്കപ്പെട്ടിരുന്നതിനാൽ ഇന്ത്യൻ ഉപഭോക്താക്കൾ ആഭ്യന്തര ഉൽപാദകർ എന്ത് ഉൽപാദിപ്പിച്ചാലും വാങ്ങാൻ നിർബന്ധിതരായിരുന്നു. എന്തുൽപാദിപ്പിച്ചാലും വിറ്റു പോകുന്ന ഒരു വിപണി തങ്ങൾക്കുണ്ടെന്ന തോന്നൽ ഉൽപാദകർക്കുണ്ടായിരുന്നു. അതിനാൽ അവർക്ക് തങ്ങളുടെ ഉൽപന്നത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാൻ യാതൊരു പ്രചോദനവും ഉണ്ടായില്ല. തങ്ങളുടെ ഗുണമേന്മ കുറഞ്ഞ ഉൽപന്നം കൂടിയ വിലക്ക് വിറ്റഴിക്കാൻ സാധിക്കുമ്പോൾ എന്തിന് അവർ തങ്ങളുടെ ഉൽപന്നത്തിന്റെ ഗുണമേൻമ വർദ്ധിപ്പിക്കാൻ ശ്രമിക്കണം? ഇറക്കുമതിയിൽ നിന്നുള്ള മത്സരം നമ്മുടെ ഉൽപാദകരെ കൂടുതൽ കാര്യക്ഷമത ഉള്ളവരാക്കുന്നു.

പൊതുമേഖല ലാഭം നേടാൻ വേണ്ടി ലക്ഷ്യം വെച്ചുള്ളതല്ലെന്നും അത് രാഷ്ട്രത്തിന്റെ ക്ഷേമത്തിനായുള്ളതാണെന്നും ചില സാമ്പത്തിക ശാസ്ത്രജ്ഞർ ചൂണ്ടികാണിക്കുന്നുണ്ട്. ഈ കാഴ്ചപാടിൽ പൊതു മേഖലാ സ്ഥാപനങ്ങൾ വിലയിരുത്തപ്പെടേണ്ടത് അവ നേടിയ ലാഭത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് ജനക്ഷേമത്തിനായി അവയുടെ സംഭാവന എത്രയെന്നതിന്റെ അടിസ്ഥാനത്തിലാണ്. ധനികരാഷ്ട്രങ്ങൾ അവരുടെ ഉൽപാദകരെ സംരക്ഷിക്കുന്ന കാലത്തോളം നാം നമ്മുടെ ഉൽപാദകരെ വിദേശ മത്സരങ്ങളിൽ നിന്ന് സംരക്ഷിക്കണമെന്നാണ് ചില സാമ്പത്തിക ശാസ്ത്രജ്ഞരുടെ പക്ഷം. ഇത്തരത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉള്ളതിനാൽ ഒരു പുതിയ നയം ആവശ്യമാണെന്ന് ഇവർ കരുതുന്നു. ഇത്തരം ആവശ്യങ്ങളും ഇതോടൊപ്പമുള്ള മറ്റു പ്രശ്നങ്ങളും 1991-ൽ ഒരു പുതിയ സാമ്പത്തിക നയം അവതരിപ്പിക്കുന്നതിലേക്ക് സർക്കാരിനെ നയിച്ചു.

## 2.6 ഉപസംഹാരം

ആദ്യ ഏഴ് പഞ്ചവൽസര പദ്ധതികളിലെ ഇന്ത്യൻ സമ്പദ്ഘടനയുടെ പുരോഗതി മതിപ്പുളവാക്കുന്നതായിരുന്നു. സ്വാതന്ത്ര്യം ലഭിക്കുന്ന കലാഘട്ടത്തിലെ അവസ്ഥയിൽ നിന്നും നമ്മുടെ വ്യവസായങ്ങൾ വളരെയധികം വൈവിധ്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഹരിതവിപ്ലവത്തിന്റെ ഫലമായി ഇന്ത്യ ഭക്ഷ്യധാന്യത്തിന്റെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടി. വെറുക്കപ്പെട്ട സെമീന്ദാരി സമ്പ്രദായത്തിന്റെ തുടച്ചു നീക്കലിന് ഭൂപരിഷ്ക്കരണം വഴി തെളിയിച്ചു. എന്നിരുന്നാലും പൊതുമേഖലാ സംരംഭങ്ങളുടെ പ്രകടനത്തിൽ നിരവധി സാമ്പത്തിക ശാസ്ത്രജ്ഞർ അസംതൃപ്തരായിരുന്നു. അമിതമായ സർക്കാർ നിയന്ത്രണം സംരംഭകത്വത്തിന്റെ വളർച്ചക്ക് തടസ്സമാത്രെ. സ്വാശ്രയത്വത്തിന്റെ പേരിൽ നമ്മുടെ ഉൽപാദകർ വിദേശ മത്സരത്തിൽ നിന്നും സംരക്ഷിക്കപ്പെട്ടു. എന്നാൽ ഇത് ഉൽപാദിപ്പിച്ച സാധനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ അവർക്ക് പ്രചോദനമായില്ല. നമ്മുടെ നയങ്ങൾ ആഭ്യന്തര പ്രാധാന്യമുള്ളതായതിനാൽ (Inward oriented) ശക്തമായ ഒരു കയറ്റുമതി മേഖല വികസിപ്പിക്കുന്നതിൽ പരാജയപ്പെട്ടു. മാറുന്ന ആഗോള സാമ്പത്തിക സ്ഥിതിക്കനുസരിച്ചുള്ള പരിഷ്കാര നയങ്ങൾ വേണമെന്നുള്ള ആവശ്യം ശക്തമാവുകയും 1991 ൽ പുത്തൻ സാമ്പത്തിക നയങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്തു. ഇതാണ് അടുത്ത അധ്യായത്തിൽ നാം ചർച്ച ചെയ്യുന്നത്.

## സംഗ്രഹം

- സ്വാതന്ത്ര്യത്തിനുശേഷം സോഷ്യലിസത്തിന്റെയും മുതലാളിത്തത്തിന്റെയും നല്ല സവിശേഷതകൾ ഉൾകൊള്ളുന്ന ഒരു മിശ്രസമ്പദ്ഘടനയ്ക്കാണ് ഇന്ത്യ പ്രാധാന്യം നൽകിയത്.
- എല്ലാ സാമ്പത്തിക ആസൂത്രണങ്ങളും പഞ്ചവൽസര പദ്ധതികളിലൂടെയാണ് നടപ്പാക്കിയത്.
- പഞ്ചവൽസര പദ്ധതികളുടെ പൊതു ലക്ഷ്യങ്ങൾ വളർച്ച, ആധുനികവത്ക്കരണം, സ്വയം പര്യാപ്തത, സമത്വം എന്നിവയാണ്.
- കാർഷിക മേഖലയിൽ തുടങ്ങിവെച്ച പ്രധാന നയങ്ങൾ ഭൂപരിഷ്ക്കരണവും ഹരിതവിപ്ലവവുമായിരുന്നു. ഈ പ്രവർത്തനങ്ങൾ ഇന്ത്യയെ ഭക്ഷ്യധാന്യ ഉൽപാദനത്തിൽ സ്വയം പര്യാപ്തമാക്കി.
- കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന ജനങ്ങളുടെ അനുപാതത്തിൽ പ്രതീക്ഷിച്ചതുപോലെയുള്ള ഒരു കുറവ് വന്നിട്ടില്ല.
- വ്യവസായിക മേഖലയിൽ തുടക്കം കുറിച്ച പുതിയ നയങ്ങൾ GDP യിലേക്കുള്ള അതിന്റെ വിഹിതത്തിൽ വർദ്ധനവുണ്ടാക്കി.
- വ്യാവസായിക മേഖലയുടെ ഒരു പ്രധാന പരിമിതി പൊതു മേഖലയുടെ കാര്യക്ഷമത കുറഞ്ഞ പ്രവർത്തനമായിരുന്നു. ഇത് പൊതു മേഖലയ്ക്ക് വൻനഷ്ടം വരുത്തുകയും രാജ്യത്തിന്റെ പരിമിത വിഭവങ്ങൾ ചോർന്നു പോകുന്നതിന് ഇടയാക്കുകയും ചെയ്തു.

## അഭ്യാസം

1. പദ്ധതി എന്തെന്ന് നിർവചിക്കുക.
2. ഇന്ത്യ ആസൂത്രണം തെരെഞ്ഞെടുത്തത് എന്തുകൊണ്ട്?
3. പദ്ധതികൾക്ക് ലക്ഷ്യം ഉണ്ടായിരിക്കേണ്ടത് എന്തുകൊണ്ട്?
4. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ (HYV) എന്നാൽ എന്ത്?
5. വിപണന മിച്ചം (Marketable surplus) എന്നാൽ എന്ത്?

6. കാർഷിക മേഖലയിൽ നടപ്പാക്കിയ ഭൂപരിഷ്ക്കരണനടപടികളും അവയുടെ ആവശ്യകതകളും വിശദീകരിക്കുക.

7. എന്താണ് ഹരിതവിപ്ലവം? എന്തുകൊണ്ട് ഇത് നടപ്പാക്കിയെന്നും കർഷകർക്ക് എപ്രകാരം ഗുണകരമായിതീർന്നുവെന്നും ചുരുക്കി വിശദീകരിക്കുക.

8. സമത്വമുള്ള വളർച്ചയെ (growth with equity) ആസൂത്രണ ലക്ഷ്യമാണെന്ന നിലയിൽ വിശദമാക്കുക.

9. പദ്ധതിയുടെ ഒരു ലക്ഷ്യം എന്ന നിലയിൽ ആധുനികവൽക്കരണവും തൊഴിലവസര സൃഷ്ടിയും പരസ്പര വിരുദ്ധമാണോ? വിശദീകരിക്കുക.

10. ഇന്ത്യ പോലുള്ള ഒരു വികസ്വര രാജ്യത്തിന് സ്വാശ്രയത്വം എന്നത് ആസൂത്രണ ത്തിന്റെ ലക്ഷ്യമായി എടുക്കേണ്ടതിന്റെ ആവശ്യകത എന്ത്?

11. സമ്പദ്ഘടനയുടെ മേഖലാപരമായ ഘടന (Sectoral composition) എന്നാൽ എന്ത്? ഒരു സമ്പദ്ഘടനയുടെ GDPയിലേക്ക് സേവനമേഖല ഏറ്റവും കൂടുതൽ സംഭാവന ചെയ്യേ ണ്ടത് ആവശ്യമാണോ? നിങ്ങളുടെ അഭിപ്രായമെന്ത്?

12. പദ്ധതി കാലയളവിൽ വ്യവസായിക വികസനത്തിന് പൊതുമേഖലയ്ക്ക് ഒരു പ്രധാന പങ്ക് നൽകിയതെന്തിനായിരുന്നു?

13. ദൗർലഭ്യകാലത്ത് ഉപയോഗിക്കാൻ ഭക്ഷ്യധാന്യങ്ങളുടെ ഒരു വലിയ ശേഖരം സംഭരി ക്കാൻ ഹരിത വിപ്ലവം ഗവൺമെന്റിനെ പര്യാപ്തമാക്കി. ഈ പ്രസ്താവന വിശദീകരി ക്കുക.

14. സബ്സിഡികൾ കർഷകരെ പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുമെങ്കിലും അവ ഗവൺമെന്റിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നു. ഈ വസ്തുതയുടെ വെളിച്ചത്തിൽ സബ്സിഡിയുടെ പ്രയോജനം ചർച്ച ചെയ്യുക.

15. ഹരിത വിപ്ലവം നടപ്പാക്കിയിട്ടും എന്തുകൊണ്ടാണ് ജനസംഖ്യയുടെ 65 ശതമാനവും 1990 വരെ കാർഷികമേഖലയിൽ തുടർന്നത്?

16. വ്യവസായത്തിന് പൊതുമേഖല അത്യന്താപേക്ഷിതമാണെങ്കിലും ധാരാളം പൊതുമേ ഖലാസ്ഥാപനങ്ങൾ വലിയ നഷ്ടമുണ്ടാക്കുകയും സമ്പദ്ഘടനയുടെ വിഭവങ്ങൾ ചോർന്നു പോകുന്നതിന് കാരണമാവുകയും ചെയ്യുന്നു. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ പൊതു മേഖലയുടെ പ്രയോജനം ചർച്ച ചെയ്യുക.

17. ഇറക്കുമതി ബദൽ നയം എങ്ങനെ ആഭ്യന്തരവ്യവസായത്തെ സംരക്ഷിക്കുന്നുവെന്ന് വിശ ദീകരിക്കുക.

18. 1956 ലെ ഇന്ത്യൻ വ്യവസായ പ്രമേയ (IRP) ത്തിനു കീഴിൽ സ്വകാര്യ മേഖല നിയന്ത്രണ വിധേയമാക്കപ്പെട്ടത് എന്തുകൊണ്ടാണെന്നും എങ്ങനെയാണെന്നും വിശദീകരിക്കുക.

19. **ചേരുംപടി ചേർക്കുക.**

| | |
|---|---|
| 1. പ്രധാനമന്ത്രി | A. ഉയർന്ന അനുപാതത്തിൽ ഉൽപന്നം നൽകുന്ന വിത്തുകൾ |
| 2. മൊത്ത ആഭ്യന്തര ഉൽപന്നം | B. ഇറക്കുമതി ചെയ്യാൻ കഴിയുന്ന വസ്തുക്കളുടെ അനുവദനീയമായ അളവ് |
| 3. ക്വാട്ടാ | C. ആസൂത്രണ കമ്മീഷന്റെ അധ്യക്ഷൻ |
| 4. ഭൂപരിഷ്ക്കരണം | D. ഒരു വർഷം ഒരു രാജ്യത്ത് ഉൽപാദിപ്പിക്കപ്പെടുന്ന അന്തിമ സാധനസേവനങ്ങളുടെ പണ മൂല്യം. |
| 5.HYV വിത്തുകൾ | E. ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനായി കാർഷിക മേഖലയിൽ നടത്തുന്ന മെച്ചപ്പെടുത്തൽ. |
| 6. സബ്സിഡി | F. ഉൽപാദന പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് നൽകുന്ന സാമ്പത്തിക സഹായം. |



## സഹായകഗ്രന്ഥങ്ങൾ


Bhagwati, J. 1993. *India in Transition: Freeing the Economy.* Oxford University Press, Delhi.

Dandekar, V.M. 2004. Forty Years After Independence, in Bimal Jalan, (Ed.). *The Indian Economy: Problems and Prospects.* Penguin, Delhi.

Joshi, Vijay. and I.M.D. Little. 1996. *India's Economic Reforms 1991-2001.* Oxford University Press, Delhi.

Mohan, Rakesh. 2004. Industrial Policy and Controls, in Bimal Jalan (Ed.). *The Indian Economy: Problems and Prospects.* Penguin, Delhi.

Rao, C.H. Hanumantha. 2004. Agriculture: Policy and Performance, in Bimal Jalan, (Ed.). *The Indian Economy: Problems and Prospects.* Penguin, Delhi.